# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് 2013-14

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ് .എ)-ടി.എസ് ആർ (പി3)79/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം ,തൃശ്ശൂർ
PIN 680 080- Ph.0487 2331249

തീയതി 28.01.2016

ഡെപ്യൂട്ടി ഡയറക്ടർ .

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കൈപ്പമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് - 2013-14. സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-24,3-27,3-37 എന്നീ ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**

**<u>പകർപ്പ് :-</u>**

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

**നം.കെ.എസ്. എ-ടി.എസ് ആർ (പി3)79/16**

**തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)**

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2013-14. സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക 22-05-2015ന് ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 17.07.14 മുതൽ 30.12.15 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് , 2013-14 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത് . ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ് .

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി വൈ സലിം , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-12-2015 മുതൽ 31-12-2015 വരെ<br>05.01.16 മുതൽ 06.01.2016 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1.പി.എ).ശിവൻ,ഓഡിറ്റ്ഓഫീസർ<br>2,ശ്രീ.എം.കുമാർശ്രീ ഓഡിറ്റ് ഓഫീസർ,<br>3,ശ്രീമതി.സീനത്ത്.പി.എ). അസി.ഓഡിറ്റ് ഓഫീസർ<br>4,ശ്രീമതി.സുമിത.ടി.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ<br>5,ശ്രീമതി. സിന്ധു.കെ.ബി. ഓഡിറ്റർ |

**ബി)നിർവ്വഹണാധികാരികൾ**

**പ്രസിഡന്റ്**

| | | |
|---|---|---|
| 1.ബീനസുരേന്ദ്രൻ | 01.04.13 മുതൽ 08.11.13 വരെ | ഊർക്കോലിൽ,കയ്പമംഗലം |
| 2.അനിതബാബു | 02.12.13 മുതൽ 31.3.14വരെ | വെങ്ങാലി,ചളിങ്ങാട് |

**ധനകാര്യം**

| | | |
|---|---|---|
| 1.പി.എ).മുഹമ്മദാലി | 01.04.13 മുതൽ 18.03.14വരെ | പുഴങ്കരയില്ലത്ത് ചളിങ്ങാട് |
| 2.പി.ബി.താജുദ്ദീൻ | 19.03.13 മുതൽ 31.03.14 വരെ | പോക്കാക്കില്ലത്ത് |

**ക്ഷേമകാര്യം**

| | | |
|---|---|---|
| 1.അനിതബാബു | 010.4.13 മുതൽ 13.05.13 വരെ | വെങ്ങാലി,ചളിങ്ങാട് |
| 2.സി.ജെ.ജോഷി | 27.05.13 മുതൽ 21.07.13 വരെ | ചാലിശ്ശേരി,കയ്പമംഗലം |
| 3.പി.എ).മുഹമ്മദാലി | 24.07.13 മുതൽ 31.03.14 വരെ | പുഴങ്കരയില്ലത്ത് ചളിങ്ങാട് |

**വികസനം**

| | | |
|---|---|---|
| 1.സുനിതവിക്രമൻ | 01.04.13 മുതൽ 13.05.13വരെ | കരയാംവട്ടത്ത് |
| മണിഇല്ലാസ് | 27.05.13 മുതൽ 31.03.14വരെ | വളവത്ത് |

**ആരോഗ്യം,വിദ്യാഭ്യാസം**

| | | |
|---|---|---|
| 1.ദമയന്തിദാസൻ | 01.04.13-13.05.13 | കാഞ്ഞിരക്കോട്ട്കയ്പമംഗലം |

| | | |
|---|---|---|
| 2.ജാൻസിറാഫേൽ | 27.05.13മുതൽ 31.03.14 | കുറ്റിക്കാടൻ കയ്പമംഗലം, |

| നിർവ്വഹണഉദ്യോഗസ്ഥർ | പേര്/കാലയളവ് | ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽ വിലാസം |
|---|---|---|---|
| സെക്രട്ടറി | 1.പി.വി.പത്മനാഭൻ 01.04.-18-12.13. | സെക്രട്ടറി പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | പള്ളത്തേരി ഹൗസ്, മറ്റത്തൂർകുന്ന് |
| | 2.രാമദാസ് (ഇൻചാർജ്ജ്) 19.12.13-5.1.14 | അസി.സെക്രട്ടറി നാട്ടികപഞ്ചായത്ത് | |
| | 3.ഹബീബ്.വി.എച്ച് 6.01.14-31.03.14 | | വാഴക്കാലയിൽ, പോട്ട, ചാലക്കുടി തൃശ്ശൂർ |
| അസി.എൻജിനീയർ | പി.എ.ഇക്ബാൽ 01.0413 – 31.03.14 | അസി.എൻജിനീയർ, കയ്പമംഗലം | പുതിയവീട്ടിൽ, കിഴുപ്പിള്ളിക്കര |
| മെഡിക്കൽഓഫിസർ, പി.എച്ച്.സി | 1.നവ്യഅമ്പൂക്കൻ 1.4.13-31.8.13 | മെഡിക്കൽ ഓഫീസർ വടക്കാൻചേരി താലൂക്ക്ആശുപത്രി | അമ്പൂക്കൻ ഹസ്, പെരിഞ്ഞനം |
| മെഡിക്കൽഓഫിസർ, പി.എച്ച്.സി | 2.കെഎസ്.പ്രവീൺ 1.9.2013-12.9.13 | മെഡിക്കൽ ഓഫീസർ താലൂക്ക്ആശുപത്രി കൊടുങ്ങല്ലൂർ | കായിപറമ്പിൽ, കൊടുങ്ങല്ലൂർ |
| മെഡിക്കൽഓഫിസർ, പി.എച്ച്.സി | 3.അരുൺജൂഡ് 13.9.13-15.10.13 | മെഡിക്കൽ ഓഫീസർ താലൂക്ക്ആശുപത്രി കൊടുങ്ങല്ലൂർ | |
| മെഡിക്കൽഓഫിസർ, പി.എച്ച്.സി | 4.കെഎസ്.പ്രവീൺ 15.10.2013-31.3.14 | | |
| മെഡിക്കൽ ഓഫീസർ ഹോമിയോ | എസ്.ശ്രീജിത്ത് 1.4.13-31.3.14 | എസ്.എൻ.പുരം | മാമ്പൂള്ളി,എടമുട്ടം |
| മെഡിക്കൽഓഫിസർ, ആയുർവേദം | സുമയ്യ.വി.കെ 1.4.13-31.3.14 | മെഡിക്കൽഓഫിസർ കയ്പമംഗലം | പുതിയവീട്ടിൽ, കയ്പമംഗലം |

……...
**ഉള്ളടക്കം**

| | | | |
|---|---|---|---|
| വെറ്ററിനറി സർജൻ | ബിന്ദു.ഇ.ടി<br>1.4.13-31.3.14 | വെറ്ററിനറി സർജൻ,<br>മാള | ബോധി,കോട്ടപ്പുറം കൊടുങ്ങല്ലൂർ |
| കൃഷി ഓഫിസർ | കെ.കെ.വിജയൻ<br>1.4.13-31.3.14 | | ബോധി,കോട്ടപ്പുറം കൊടുങ്ങല്ലൂർ |
| വി.ഇ.ഒ,കയ്പമംഗലം | എൻശശിധരൻ<br>1.4.13-30.1.14 | വിരമിച്ചു | പുളിയത്ത്,<br>പൊറത്തിശ്ശേരി |
| വി.ഇ.ഒ<br>ചളിങ്ങാട് | പ്രിയ.പി.പി<br>1.4.13-13.5.13 | മതിലകം | കല്ലുപുറത്ത്,<br>വടക്കേക്കര |
| വി.ഇ.ഒ<br>ചള്ളിങ്ങാട് | സുനന്ദ.എംഎസ്<br>20.09.13-31.3.14 | | മുളവ്കാട്,<br>ഇടപ്പിള്ളി |
| വി.ഇ.ഒ | പ്രജിതപ്രകാശ്.പി<br>5.10.13-31.3.14 | വി.ഇ.ഒ<br>കയ്പമംഗലം | പൊന്നാംപുളി<br>എടതിരിഞ്ഞി. |
| എെ.സി.ഡി.എസ്<br>സൂപ്പർവൈസർ | സീത<br>1.4.13-31.3.14 | | കിളിക്കോടൻവീട്,<br>നായരംപലം |
| ഫിഷറീസ്<br>സബ് ഇൻസ്പെക്ടർ | 1.വി.എം.പ്രേമദാസ്<br>1.4.13-31.10.13<br>2.ടി.കെ.മനോജ്<br>1.11.13-5.3.14<br>3.കെ.ജി.രാമദാസ്<br>6.3.14-31.3.14 | | |
| പ്രധാന അദ്ധ്യാപിക<br>ജി.എം.എൽ.പി.എസ്<br>കൈപ്പമംഗലം | മേരിഹെലൻ<br>1.4.13-31.3.14 | | കാടകത്ത് വീട്<br>ആനാപ്പുഴ |



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| **5** | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തൊഴിൽ നികുതി അപാകതകൾ | 2-1 | |
| 13 | ബിൽഡിങ്ങ് പെർമിറ്റ് അപാകതകൾ | 2-2 | |
| 14 | ഡി.ആന്റ്.ഒ.ലൈസൻസ് ഫീസ് കുറവ് ഈടാക്കി. | 2-3 | |
| 15 | കൃഷി ഓഫീസറുടെ പദ്ധതികൾ-പ്രാദേശിക സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയില്ല | 3-1 | |
| 16 | തെരുവ് വിളക്ക്-സാധാരണ ബൾബുകൾ രേഖയിൽ നിന്നും നീക്കം ചെയ്തില്ല,അധികം തുക വൈദ്യുതി ചാർജടയ്ക്കുന്നു | 3-2 | |
| 17 | പൊതുടാപ്പുകളുടെ എണ്ണത്തിൽ വൈരുദ്ധ്യം | 3-3 | |
| 18 | ബി ഫണ്ട്-വിവാഹ ധനസഹായം വിതരണം ചെയ്തില്ല | 3-4 | |
| 19 | കന്നുകുട്ടി പരിപാലനം-രേഖകൾ ലഭ്യമാക്കേണ്ടതാണ് | 3-5 | |
| 20 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ. | 3-6 | |
| 21 | മരുന്ന് വാങ്ങിയത് -ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. | 3-7 | |
| 22 | ഡെപ്പോസിറ്റ് വർക്കുകൾക്ക് -പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-8 | |
| 23 | ജി.എം.എൽ.പി.സ്കൂളിന് സ്ഥലം വാങ്ങൽ -ഗവണ്മെന്റ് നിരക്കിനേക്കാളധികം തുക നൽകിയത് | 3-9 | |
| 24 | ഐ.കെ.എം.സാങ്കേതിക സഹായം,വെബ് സൈറ്റ് വരിസംഖ്യ എന്നിവ രണ്ട് തവണ അടവാക്കിയത് . | 3-10 | |

| | | | |
|---|---|---|---|
| 25 | എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ-രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-11 | |
| 26 | തുടർ സാക്ഷരത-പരീക്ഷയെഴുതിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 3-12 | |
| 27 | എസ്.എസ്.എ. വിഹിതം നൽകിയത് -പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-13 | |
| 28 | ഫർണ്ണീച്ചർ വാങ്ങിയത് -സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. | 3-14 | |
| 29 | ബയോഗ്യാസ് പ്ലാന്റ് -ബ്ലോക്ക് വിഹിതത്തിന് പകരം പദ്ധതി വിഹിതം അധികം ഉപയോഗിച്ചു. | 3-15 | |
| 30 | പഠനയാത്ര സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവ് ചെയ്തത് അംഗീകരിക്കുന്നില്ല. | 3-16 | |
| 31 | വനിതകൾക്ക് ഫോർവീലർ പരിശീലനം | 3-17 | |
| 32 | കുടിവെള്ളത്തിന് ഹൗസ് കണക്ഷൻ (ജനറൽ) കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല. | 3-18 | |
| 33 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല | 3-19 | |
| 34 | ഐ.എ.വൈ. പദ്ധതി പ്രകാരം മതിലകം ബ്ലോക്കിന് നൽകിയ തുക-പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-20 | |
| 35 | സ്ട്രീറ്റ് ലൈറ്റ് റിപ്പയറിങ്ങ് ചാർജ്ജ് -ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു. | 3-21 | |
| 36 | അകംപാടം കോളനി കൾവർട്ട്-താങ്ങ് തേച്ചിട്ടില്ല നഷ്ടം2973/ രൂപ | 3-22 | |
| 37 | കാനകളുടെ നിർമാണം -മണ്ണ് ലേലം ചെയ്തിട്ടില്ല,ഉപയോഗിച്ചിട്ടില്ല, കടത്തിക്കൊണ്ട് പോകുന്നതായി പത്രവാർത്ത | 3-23 | |
| 38 | ഗുണഭോക്തൃ സമിതി നടത്തിയ പ്രവർത്തികളിലെ അപാകതകൾ പഞ്ചായത്ത് ഓഫീസ് എസ് എൻ ലിങ്ക് റോഡ് ബാക്കി ഭാഗം ടാറിങ്-കൺവീനറുടെ കണക്കുകൾ ആധികാരികമല്ല | 3-24 | |

| | | | |
|---|---|---|---|
| 39 | ഖരമാലിന്യ സംസ്കരണ പ്ലാന്റിന് മുന്നിൽ മാലിന്യക്കൂമ്പാരം | 3-25 | |
| 40 | ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ | 3-26 | |
| 41 | ആസ്തി രജിസ്റ്റർ  കാലികമല്ല | 3-27 | |
| 42 | ബോർഡ് -ഇ.ടി എസ് റോഡ്-എം എൽ  എ ഫണ്ട് ലഭിക്കാത്തതിനാൽ  വികസനഫണ്ടിൽ  നിന്നും തുക ചെലവഴിച്ചു | 3-28 | |
| 43 | മരിയ ഹെറിറ്റേജ് ഹോട്ടലിന് പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം നൽകിയത്-പഞ്ചായത്ത് സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം | 3-29 | |
| 44 | എരുകുളം കുഞ്ഞിപ്പള്ളി കനാൽ  സംരക്ഷണം-അളവ്,മേലളവ് എടുക്കും മുമ്പേ ബിൽ  തുക അനുവദിക്കാൻ  ശുപാർശ | 3-30 | |
| 45 | മിനിറ്റ്സ് പൂർത്തികരിച്ചിട്ടില്ല. | 3-31 | |
| 46 | നിഅമത്ത് റോഡ് പാർശ്വസംരക്ഷണം-കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിട്ടില്ല- നഷ്ടം 3842/രൂപ | 3-32 | |
| 47 | തനത് ഫണ്ടിൽ  നിന്നും ക്രമവിരുദ്ധമായ ചെലവുകൾ | 3-33 | |
| 48 | കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടില്ല. | 3-34 | |
| 49 | മേറ്റുമാർ  യഥാർഥത്തിൽ  ജോലിക്ക് ഹാജരാകാത്തവരുടെ ഒപ്പുകൾ  വ്യാജമായി രേഖപ്പെടുത്തി പണം കൈപ്പറ്റി ,തിരിച്ചടച്ചു | 3-35 | |
| 50 | തൊഴിലുറപ്പ് പദ്ധതി | 3-36 | |
| 51 | പുതിയ അക്കൗണ്ടിങ്ങ് സമ്പ്രദായം -അവലോകനം | 3-37 | |
| 52 | ലൈസൻസ് നല്കുന്നതിലെ കാര്യക്ഷമത-അവലോകനം | 3-38 | |
| | ഭാഗം 4 | | |
| 53 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 54 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 55 | മൊബിലൈസേഷൻ  അഡ്വാൻസ് നൽകിയത് | 4-3 | |
| 56 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 57 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 58 | ഓഡിറ്റ് റിക്കവറി | 4-6 | |

| | | | |
|---|---|---|---|
| 59 | സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 | |
| 60 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 61 | തീർപ്പാക്കാൻ  അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം -1

## പൊതു അവലോകനം

പൊതു അവലോകനം

1-1  ബജറ്റ്

2013-14 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 25.03.13 തിയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.14 | 22.05.14 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തിയ്യതി |
|---|---|---|
| 2013-14 | 09.10.2015 | K.S.A.-T.S.R(E3)1404/14(46) തിയ്യതി 09.10.15 പ്രകാരം അപാകതകൾ പരിഹരിച്ച് കത്തുനല്കിയിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 23291651

വരവ് – 69799631

ആകെ – 93091282

ചെലവ് – 76940676

നീക്കിയിരിപ്പ് - 16150606

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2795512 | 10548000 | 13343512 | 9128973 | 4214539 | 68% |
| വികസനഫണ്ട് എസ്.സി.പി. | 3169685 | 5331000 | 8500685 | 5881154 | 2619531 | 69% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് | 3939288 | 6463000 | 10402288 | 10400788 | 1500 | 99.9% |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് | | | | | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2181280 | 1965000 | 4146280 | 414503 | 1249 | 99.9% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 208833 | 5131673 | 5340506 | 3567087 | 1773419 | 66% |
| പെർഫോമൻസ് ഗ്രാന്റ് | 2296594 | 2796000 | 5092594 | 4254131 | 838463 | 83.5% |
| എം.എൻ.ആർ. ഇ.ജി.എസ്. | 249463 | 7879313 | 8128776 | 7992849 | 135927 | 98 |
| ബി ഫണ്ട് | 0 | 12130229 | 12130299 | 12130299 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 72405372 | 165 | 46317435 | 35 | 5 | 64 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1)കൃഷിഭവൻ കെട്ടിടത്തിന്റെ എക്സ്റ്റൻഷൻ വർക്ക്

2)കയ്പമംഗലം പിഎച്ചസിയിലും, ഹോമിയോ ആശുപത്രിയിലും ഇലക്ട്രിഫിക്കേഷൻ

3)മൃഗാശുപത്രി, ആയുർവ്വേദആശുപത്രി, കമ്മ്യൂണിറ്റി ഹാൾ അടിസ്ഥാന സൗകര്യവികസനം

4)സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിന് സാധനങ്ങൾ വാങ്ങൽ

5)വാഴപ്പാടം കോളനിയുടെ തെക്കേ ഭാഗത്ത് കാന നിർമ്മാണം

*(പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിലെ നേട്ടങ്ങളും, കോട്ടങ്ങളും വിശകലനം ചെയ്തത് ഉൾപ്പെടെ)*

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 26% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 3179072 | 3876662 | 697590 | 18 |
| നികുതിയേതര വരവുകൾ | 2324398 | 5026653 | 2702255 | 50 |
| മറ്റുവരവുകൾ | 7138950 | 8539752 | 1400802 | 16 |
| ആകെ | 12642420 | 17443067 | 4800647 | 38 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 106560 | 127 |
| കർഷകതൊഴിലാളി പെൻഷൻ | 1500069 | 331 |
| വിധവാപെൻഷൻ | 6669108 | 959 |
| വാർദ്ധക്യകാലപെൻഷൻ | 725942 | 151 |
| വികലാംഗപെൻഷൻ | 2394841 | 324 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22/12/2015 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21356 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. നീക്കിയിരിപ്പ് തുക ക്യാഷ് ബുക്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നുണ്ട്

## 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ തൃപ്തികരമായി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.02.2015 | 11/2015 | 24.11.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.11.03 – 3.12.03 | 1997-98-2002-03 | 22.04.04 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി അപാകതകൾ

**നിയമന അംഗീകാരം ഇല്ലാത്തതിനാൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

ആർ.സി.യു.പി.സ്കൂൾ, കൈപ്പമംഗലം എന്നസ്ഥാപനത്തിലെ അദ്ധ്യാപകരുടെ തൊഴിൽനികുതി

നിയമന അംഗീകാരം ഇല്ലാത്തതിനാൽ ഈടാക്കിയിട്ടില്ല. വിശദാംശം താഴെചേർക്കുന്നു.

1.ബിന്ദു.കെ.എസ് സംസ്കൃതം ടീച്ചർ

2.ലിത.പി.പി ഉറുദു ടീച്ചർ

3.രാഗിമോൾ. L.P.S.A

4.ജീനജോൺ. L.P.S.A

5.സിനി.കെ.ആന്റോ. L.P.S. A

നിയമന അംഗീകാരം വിവരം അറിയിക്കുവാൻ ആവശ്യപ്പെടേണ്ടതും, പ്രസ്തുത തിയതി മുതൽ തൊഴിൽനികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**2.പിഴ പലിശ ഈടാക്കിയിട്ടില്ല.**

2013-14വർഷം മരിയ ഹെറിറ്റേജ് ഹോട്ടൽ എന്ന സ്ഥാപനത്തിൽ നിന്ന് 2012-13ലെ ജീവന ക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. (രസീത് നമ്പർ6705/11.3.14,5460രൂപ) എന്നാൽ പിഴ പലിശ ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ(209ഇ) പ്രകാരം പിഴ പലിശ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് .

## 2-2 ബിൽഡിങ്ങ് പെർമിറ്റ് അപാകതകൾ

**ഫയൽ നമ്പർ – എ3-7262**

സർവ്വേ നമ്പർ 470/1ൽപെട്ട 1.52 ഏക്കർ സ്ഥലത്ത് മുഹമ്മദ്മൂസ എന്ന വ്യക്തി പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ 583.22ച.മീ വിസ്തീർണ്ണത്തിൽ കെട്ടിടം പണിയുകയും (G1ഗ്രൂപ്പിൽപെടുത്താവുന്ന കെട്ടിടം) ക്രമവൽക്കരിക്കുന്നതിന് KPBR ചട്ടം 59(11എ)) പ്രകാരം 24/5/13ൽ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ എ3-4262/KPBR/2013 5.6.13 പ്രകാരം fire&safety കമാൻഡർക്ക് പഞ്ചായത്ത് ഫയൽ NOC ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ NOC ലഭിയ്ക്കുന്നതിന് മുമ്പ് കെട്ടിടത്തിന് നമ്പർ നല്കി. ഫയർ NOC ഇല്ലാതെ കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-3 ഡി.ആന്റ്.ഒ.ലൈസൻസ് ഫീസ് കുറവ് ഈടാക്കി.

കാൻസ് വെഡ്ഢിങ്ങ് സെന്റർ എന്ന സ്ഥാപനത്തിന്റെ ഡി.ആന്റ്.ഒ. ലൈസൻസ് അപേക്ഷയിൽ ഒരു ദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തിയിരിക്കുന്നത് 85000/-രൂപ ആണ്. എന്നാൽ 500/-രൂ മാത്രമാണ് ഫീസ് ഈടാക്കിയിരിക്കുന്നത്. കുറവ് വന്ന തുക (2000-500=1500/-രൂപ)ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 5/22.12.2015)

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൃഷി ഓഫീസറുടെ പദ്ധതികൾ

താഴെ പറയുന്ന പദ്ധതികൾക്കായി തൃശൂർ, കൊക്കാലയിലുള്ള ഡിസ്ട്രിക്റ്റ് മത്സ്യ വിതരണ തൊഴിലാളി സഹകരണ സംഘത്തിൽ നിന്നും കമ്പോസ്റ്റ് 9 രൂപ നിരക്കിൽ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് നം.&പേര് | ബിൽ നം &ഡി.ഡി.നം, തുക | വിവരണം |
|---|---|---|---|
| 1 | പ്രോ.നം:58/14-പച്ചകറി കൃഷി വികസനം-200 ഗുണഭോക്താക്കൾക്ക് 50 kg വളം വിതരണം(കമ്പോസ്റ്റ്) &പ്രോ.നം:59/14-പച്ചകറി കൃഷി വികസനം(കുടുംബശ്രീ മുഖേന) | ബിൽ നം: 1/14,രൂ.96350, ക്യാഷ് ചെയ്തത്:22.2.14, 63000 രൂപ ഡി. ഡി. നം: 592980/ 25.02.14 പ്രകാരം തൃശൂർ മത്സ്യ.വി.തൊ.സ. സംഘത്തിന് നൽകി. | രണ്ട് പ്രോജക്ടുകൾക്കുമായി 10,000 കി കമ്പോസ്റ്റ് 9രൂപ നിരക്കിൽ തൃശൂർ, കൊക്കാലയിലുള്ള മത്സ്യ വിതരണ തൊഴിലാളി സഹകരണത്തിൽനിന്നും വാങ്ങി. ആകെ വില=10,000@9= 90,000 (വികസന ഫണ്ട്=63,000+ ഗുണ.വിഹിതം=27,000) |
| 2 | പ്രോ.നം:60/14പച്ചക്കറി വികസനം-വിത്തും വളവും നൽകൽ | ബിൽ നം:2/13-14,രൂ. 10,000,(part payment) ക്യാഷ് ചെയ്തത്:22.02.14, തൃശൂർ ഡിസ്ടി.മത്സ്യ.തൊ.സ. സംഘത്തിന് ഡി.ഡി.നം:592978/ 25.02.14 മുഖേന നല്കി. | ആകെ വില=2553@9=22977 (വികസന ഫണ്ട്=17250 +ഗുണ.വിഹിതം=5727) |

സബ്സിഡി മാർഗ്ഗരേഖ ജിഒ(എം‌എസ്)248/12 തസ്വഭവ,തി:29.9.12 ലെ മാനദണ്ഡ പ്രകാരം പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവകമ്പോസ്റ്റ് വളങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ കൃഷി വകുപ്പ് നിശ്ചയിക്കേണ്ടതാണ്. ഇത് പ്രകാരം കമ്പോസ്റ്റിന്റെ വില നിശ്ചയിച്ച രേഖ,ഗുണ മേന്മ സംബന്ധിച്ച കൃഷി ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയവ പരിശോധനയ്ക്ക്

ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.13/26.12.15)

## 3-2 തെരുവ് വിളക്ക്-സാധാരണ ബൾബുകൾ രേഖയിൽ നിന്നും നീക്കം ചെയ്തില്ല,അധികം തുക വൈദ്യുതി ചാർജടയ്ക്കുന്നു

5/2013 മുതൽ തെരുവ് വിളക്കുകളുടെ താരിഫ് പുതുക്കിയതുമായി ബന്ധപ്പെട്ട് കൈപമംഗലം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും BB/KPM/SL/REVN/13-14 തിയ്യതി 07.10.13 ന് നൽകിയ ഡിമാൻറ് നോട്ടീസ് പ്രകാരം 145 എണ്ണം സാധാരണ ബൾബുകൾ ഉള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 2012-13 മുതൽ സാധാരണ ബൾബുകൾ വാങ്ങുന്നില്ല. സാധാരണ ബൾബിൻറെ താരിഫ്, സമാനമായ സി.എഫ്.എല്ലിൻറേതിനെക്കാൾ 37/-രൂപ അധികമാണ്. അങ്ങിനെ (145x37=) 5365 രൂപ പ്രതിമാസം തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി അധികം ഈടാക്കി വരികയാണ്. വർഷങ്ങളായി പഞ്ചായത്തിൽ സാധാരണ ബൾബ് ഉപയോഗിക്കാത്ത സാഹചര്യത്തിൽ ചാർജ്ജ് കുറച്ച് കിട്ടാനെടുത്ത നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം:3/22.12.14 നുള്ള മറുപടി തൃപ്തികരമല്ല. ഇലക്ട്രിക്കൽ സെക്ഷനുമായി ബന്ധപ്പെട്ട് ചാർജ്ജ് കുറയ്ക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 പൊതുടാപ്പുകളുടെ എണ്ണത്തിൽ വൈരുദ്ധ്യം

പഞ്ചായത്തിൽ 327 എണ്ണം പൊതുടാപ്പുകൾക്ക് വെള്ളക്കരമിനത്തിൽ പ്രതിമാസം 95375/- രൂപ അടവാക്കുന്നുണ്ട്. എന്നാൽ 2012 ജനുവരിയിലെ സംയുക്ത പരിശോധന പ്രകാരം 320 ടാപ്പുകളുള്ളതായാണ് വാട്ടർ അതോറിറ്റി സമ്മതിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ പ്രകാരം ആകെ 311 ടാപ്പുകളാണുള്ളത്. പഞ്ചായത്ത് അംഗീകരിച്ചതിനേക്കാൾ 16 അധികം ടാപ്പുകൾക്ക് വെള്ളക്കരം അടയ്ക്കുന്നുണ്ട്. ഈയിനത്തിൽ പ്രതിവർഷം (16@3500=) 56,000 രൂപ അധികം വെള്ളക്കരം അടയ്ക്കുന്നുണ്ട്. ടാപ്പുകളുടെ എണ്ണത്തിലെ വൈരുദ്ധ്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം:4/22.12.15 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. വാട്ടർ അതോറിറ്റിയുമായിയുമായി ബന്ധപ്പെട്ട് വെള്ളക്കരം കുറവു ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ബി ഫണ്ട്-വിവാഹ ധനസഹായം വിതരണം ചെയ്തില്ല

**ട്രഷറി ബിൽ നം:27/13-14/28.2.14, രൂ.240,000/-**

മേൽ പറഞ്ഞ ബിൽ മുഖേന ട്രഷറിയിൽ നിന്നും പിൻവലിച്ച 23 വിവാഹധനസഹായങ്ങളിൽ ശ്രീമതി.രജുല ജലാൽ,പുഴങ്കരയില്ലത്ത് എന്നവർക്കുള്ള തുകയായ 10,000 രൂപ ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ വിതരണം ചെയ്തിട്ടില്ല എന്ന് കാണുന്നു. തുക വിതരണം ചെയ്തതിൻറെ / തിരിച്ചടച്ചതിൻറെ അസൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ ടി ചെലവ് തുകയായ 10,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.(ഓഡിറ്റ് എൻക്വയറി നം. 28/31.12.2015)

## 3-5 കന്നുകുട്ടി പരിപാലനം-രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം. : 6/14
നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ.

ട്രഷറി ബിൽ നം. : 9/13-14,രൂ.625,000

കന്നുകുട്ടി പരിപാലന പദ്ധതി മാർഗ്ഗരേഖ ജിഒ(എംഎസ്)11/2001/മൃഗസംരക്ഷണം, തിയ്യതി 20.01.2001 പ്രകാരം പഞ്ചായത്ത് പ്രസിഡൻറ് ചെയർമാനും ഫീൽഡ് ലെവൽ ഇംപ്ലിമെൻറിങ്ങ് ഓഫീസർ കൺവീനറുമായ അഞ്ച് അംഗ കമ്മറ്റിയാണ് സൊസൈറ്റികളെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നത്. ഗുണഭോക്താക്കൾ ബി.പി.എൽ കുടുംബത്തിലായിരിക്കണം. കാലിവളർത്തലിൽ പരിചയമുള്ളവരായിരിക്കണം. വ്യാപകമായി പ്രചാരണം നൽകി അപേക്ഷ സ്വീകരിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടു ക്കേണ്ടത്. 10% പട്ടിക ജാതിക്കാരായിരിക്കണം. (എസ്.സി ഇല്ലെങ്കിൽ മറ്റുള്ളവരെ പരിഗണിക്കാം.) വിധവകൾ,അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതർ, ജവാന്മാരുടെ ആശ്രിതർ തുടങ്ങിയവർക്ക് പരിഗണന തുടങ്ങിയ മാനദണ്ഡങ്ങൾക്കനുസൃതമാണോ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് എന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കേ ണ്ടതാണ്. സംഘം സെക്രട്ടറിയുടെ സ്റ്റോക്ക്-വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ജില്ലാ കോർഡിനേറ്ററുടെ സബ്സിഡി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയവ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതു വരെ ചെലവ് തുക 625,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നം 26/29.12.15)

## 3-6 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

കയ്പമംഗലം ഗ്രാമ പഞ്ചായത്ത് വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ടുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു:

**(1)മുട്ടകോഴി വളർത്തൽ (വനിത)-ജനറൽ,എസ്.സി**

പ്രോജക്ട് നം. : 69,70/2014

മുട്ടകോഴിയുടെ സ്പെസിഫിക്കേഷൻ, വില എന്നിവ ജില്ലാ തലത്തിൽ മൃഗ സംരക്ഷണ വകുപ്പ് നിശ്ചയിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ അനുശാസിക്കുന്നുണ്ട് . എന്നാൽ മേൽ പറഞ്ഞ പ്രോജക്ടുകളിൽ ഇപ്രകാരം വില നിശ്ചയിച്ചിട്ടില്ല. കൂടാതെ വാങ്ങൽ നടപടിക്ക് വികസന സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ അദ്ധ്യക്ഷനായും വെറ്ററിനറി സർജൻ കൺവീനറും ഗുണഭോക്താക്കളിൽ നിന്ന് 7 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം കോഴികളെ വാങ്ങേണ്ടത്. എന്നാൽ പഞ്ചായത്തിൽ ഇത്തരം കമ്മറ്റി രൂപീകരിച്ചെങ്കിലും വാങ്ങലിൽ സജീവമായ ഇടപെടലുകൾ നടത്തിയില്ല.

മുട്ടകോഴികൾ വാങ്ങിയിട്ടുള്ളത് അംഗീകൃത ഏജൻസിയിൽ നിന്നല്ല. വെള്ള പേപ്പറിലുള്ള കൈപറ്റ് രസീത് മാത്രമാണുള്ളത്. അംഗീകാരം, വാറ്റ് രജിസ്റ്ററേഷൻ എന്നിവ സംബന്ധിച്ച് വ്യക്തതയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം:22/29.12.15, ഖണ്ഡി1 ന് ലഭ്യമാക്കിയ മറുപടിയ്ക്കൊപ്പം ഹാജരാക്കിയ രേഖകൾ പദ്ധതി നടത്തിപ്പ് വർഷമായ 2013-14 ന് ബാധകമായിട്ടുള്ളതല്ല.

മുട്ടകോഴികളുടെ ഗുണനിലവാരം സംബന്ധിച്ച വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഗുണനിലവാരം ഉറപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു ശ്രമവും നടത്തിയതായി കണ്ടില്ല.

മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ സ്വകാര്യ വ്യക്തിയിൽ നിന്നും കോഴി വാങ്ങിയ ഇനത്തിലെ ചെലവ് തുക രൂ.78,300 (51898/- ബിൽ നം:15/13-14,തിയ്യതി 24.03.14 ഗുണഭോക്തൃ വിഹിതം 11402/- 15000/- രൂപ ബിൽ നമ്പർ 16/13-14 തിയ്യതി 24.03.14) തടസ്സത്തിൽ വെയ്ക്കുന്നു.

**(2).ആടു വളർത്തൽ (വനിത)-ജനറൽ/പട്ടിക ജാതി**

പ്രോ.നം:8 & 9/13-14, ബിൽ നം : ജി.പി.4/13-14,തിയ്യതി 24.07.13

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 248/12/തസ്വഭവ 29.9.12 പ്രകാരം പശു,എരുമ, ആട്,കോഴി എന്നിവയുടെ സ്പെസിഫിക്കേഷൻ, വില എന്നിവ ജില്ലാ തലത്തിൽ മൃഗ സംരക്ഷണ വകുപ്പ് നിശ്ചയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച രേഖയൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഉരുക്കളെ ചുരുങ്ങിയത് മൂന്ന് വർഷം വളർത്തണമെന്ന ഗുണഭോക്താവിൽ നിന്നുള്ള കരാർ വാങ്ങിയിട്ടുണ്ടെങ്കിലും നല്ലൊരു വിഭാഗം കരാർ കാലയളവിൽ തന്നെ ഉരുക്കളെ കൈമാറ്റം ചെയ്തതിട്ടുള്ളതായി നിലവിലെ വെറ്ററിനറി സർജൻ അറിയിക്കുകയുണ്ടായി. ഇക്കാര്യം അന്വേഷണ വിധേയമാക്കേണ്ടതാണ്.

മേൽ പറഞ്ഞതിൽ അപാകതകൾക്ക് വിശദീകരണവും, ഹാജരാക്കാത്ത രേഖകൾ ലഭ്യമാക്കുകയും വേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 22/29.12.2015).

## 3-7 മരുന്ന് വാങ്ങിയത് -ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

പ്രോജക്റ്റ് നം. : 42/14.

ബിൽ നം. : 8/12.3.14

പെയിൻ &പാലിയേറ്റീവ് പദ്ധതി പ്രകാരം മരുന്ന് വാങ്ങിയതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഡിഡി നം.689439/28.3.14.പ്രകാരം 98000/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ പ്രൊഫോർമ ഇൻവോയ്സ് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.ഒറിജിനൽ ഇൻവോയ്സ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയത് ഹാജരാക്കുന്നത് വരെ ചെലവഴിച്ച 98000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം. 19/28.12.2015)

## 3-8 ഡെപ്പോസിറ്റ് വർക്കുകൾക്ക് -പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

എ)അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ-പൂർത്തീകരണസാക്ഷ്യപത്രം ഹാജരാ ക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ.

പ്രോജക്റ്റ് നം. : 178/14.

ബിൽ നം.തി. : 12/26.03.14. തുക-112000/-

അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ(അംഗനവാടി നം.29,57) പദ്ധതി പ്രകാരം

രണ്ട് അംഗനവാടികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി പി.എച്ച് .ഡിവിഷൻ ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം (നം.എ)1-997/12 dt.05.02.14.) 150000/- രൂപ താഴെപറയും പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് നൽകി.വിശദവിവരം താഴെ കൊടുക്കുന്നു.

| ഡിഡി.നം./തിയ്യതി | തുക |
|---|---|
| 667929/4.7.14 | 112000/- |
| 478443/24.6.14(തനത് ഫണ്ട്) | 3000/- |
| ആകെ | 115000/- |

നാളിതു വരെ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയത് ഹാജരാക്കുന്നതു വരെ ചെലവഴിച്ച 115000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി) അംഗനവാടി വൈദ്യുതീകരണം -പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. : 179/14.

ബിൽ നം.തി. : 13/26.3.14.രൂപ -5800/-

നിർവ്വഹണോദ്യോഗസ്ഥൻ : ഐ.സിഡി.എസ് സൂപ്പർവൈസർ.

46,48 നമ്പർ അംഗനവാടികളുടെ വൈദ്യുതീകരണത്തിന് വേണ്ടി ഡിഡി നം. 667930/4.7.14 പ്രകാരം 5800/- രൂപ അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി പെരിഞ്ഞനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല .ആയത് ഹാജരാക്കുന്നതു വരെ ചെലവഴിച്ച 5800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നം. 20/28.12.2015).

## 3-9 ജി.എം.എൽ.പി.സ്കൂളിന് സ്ഥലം വാങ്ങൽ -ഗവണ്മെന്റ് നിരക്കിനേക്കാളധികം തുക നൽകിയത്

പ്രോജക്റ്റ് നം. – 28/14

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി.

കയ്പമംഗലം ഗ്രാമ പഞ്ചായത്തിൽ മൂന്നുപീടിക എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ജി.എം.എൽ.പി.സ്കൂളിന് മൂന്നടി വീതിയുള്ള വഴിയാണുണ്ടായിരുന്നത് .സ്കൂളിലേക്ക് പത്തടി വീതിയിലും, 263അടി നീളത്തിലും വഴി വാങ്ങുന്നതിന് പദ്ധതി രൂപീകരിക്കുകയും.342/1,2,3 എന്നീ സർവ്വെ നമ്പറിലുള്ള യഥാക്രമം 3.275, 0.950, 2.225 സെന്റ് സ്ഥലം ഉൾപ്പടെ ആകെ 6.450 സെന്റ് സ്ഥലം വാങ്ങുന്നതിന് 691073/-രൂപ ചെലവഴിക്കുകയും ചെയ്തു. വിശദവിവരം താഴെ കൊടുക്കുന്നു.

| പിൻവലിച്ച തുകയുടെ വിവരം | ചെലവഴിച്ച തുകയുടെ |
|---|---|

| | | വിവരം | |
|---|---|---|---|
| ബിൽ നംചെക്ക് നം.തിയ്യതി | തുക | ഇനം | തുക |
| 25/25.1.14.(പദ്ധതി വിഹിതം) | 91153 | സ്ഥലത്തിന്റെ വില | 641150 |
| 2622720/3.12.13(തനത് ഫണ്ട്) | 554997 | രജിസ്ട്രേഷൻ ഫീ | 12823 |
| 001048/3.12.13 (,, ) | 12823 | സ്റ്റാമ്പ് പേപ്പർ | 32100 |
| 001046/28.11.13 (,, ) | 32100 | ആധാരം എഴുത്ത് ഫീസ് | 5000 |
| ആകെ | 691073 | ആകെ | 691073 |

മംഗലംപുള്ളി മുഹമ്മദ് ഹാജി മകൻ അബ്ദുൾ ഹമീദ് വഴി വാങ്ങിക്കുന്നതിലേക്ക് സംഭാവനയായി 50000/- രൂപ തരാമെന്ന് ഏറ്റിരുന്നതാണ്. എന്നാൽ സംഭാവന ക്രെഡിറ്റിൽ വന്നതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

വഴി വാങ്ങുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടേയും,വിദ്യാഭാസ ഡെപ്യൂട്ടി ഡയറക്ടറുടേയും അനുമതി ലഭിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസറുടെ വാല്യുവേഷൻ പ്രകാരം 483750/ രൂപയും ,02.12.13 ലെ തഹസിൽദാരുടെ വാല്യുവേഷൻ പ്രകാരം ടി സ്ഥലത്തിന് 493193/- രൂപയും വില നിശ്ചയിച്ചിട്ടുണ്ട്. മേൽ സ്ഥലത്തിന് വേണ്ടി മംഗലംപുള്ളി മുഹമ്മദ് ഹാജി മകൻ അബ്ദുൾഹമീദ് എന്ന വ്യക്തി 50000/-രൂപ വാഗ്ദാനം ചെയ്തിരുന്നു. സ്ഥലത്തിന്റെ ഉടമയായ മതിലകത്ത് ശ്രീ.അമ്മുകുഞ്ഞി മകൻ ഖാദർ നൽകിയ സമ്മതപത്ര പ്രകാരം സർക്കാർ നിശ്ചയിക്കുന്ന ന്യായവിലക്ക് സ്ഥലം നൽകുന്നതിന് സമ്മതിച്ചിരുന്നു. എന്നാൽ 26.02.13-ലെ 2(2) നം. തീരുമാന പ്രകാരം സ്ഥലത്തിന് മുൻപ് വകയിരുത്തിയ 493193/-രൂപ അപര്യാപ്തമാണെന്നും ആയതിനാൽ ആ തുകയുടെ 30% കൂടി രജിസ്ട്രേഷൻ ഫീസും ഉൾപ്പെടുത്തി (493193+147957(30%) +50000(സംഭാവന))691150/- രൂപയാക്കി തീരുമാനമെടുത്തു. എഗ്രിമെന്റ് പ്രകാരം സർക്കാർ നിരക്കിൽ സ്ഥലം തരുന്നതിന് സമ്മതമായിരുന്നെങ്കിലും അധിക തുക നൽകുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

## 3-10 എെ.കെ.എം. സാങ്കേതിക സഹായം, വെബ് സൈറ്റ് വരിസംഖ്യ എന്നിവ രണ്ട് തവണ അടവാക്കിയത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രോജക്റ്റ് നം. – 17/14
ബിൽ നം./തിയ്യതി – 58/31.03.14 തുക 35700/-
2012-13 സാമ്പത്തിക വർഷം പദ്ധതി നം. 11/13 ആയി ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ പരിശീലനത്തിനു 20000/-രൂപയും 2011/12 ലെ സാങ്കേതിക സഹായത്തിനുള്ള തുക 14200/-രൂപയും, വെബ് സൈറ്റ് വരിസംഖ്യ 1500/-രൂപയും കൂടി 35700/-രൂപ വകയിരുത്തുകയും 35700/-രൂപ മുഴുവൻ അടവാക്കുകയും ചെയ്തു. എന്നാൽ തൻവർഷം 2012-13 വർഷം അടവാക്കിയ 20000/-കഴിച്ച് ബാക്കി 15700/-രൂപ അടവാക്കുന്നതിന് പ്രോജക്റ്റ് തയ്യാറാക്കുകയും 2011-12 വർഷത്തെ സാങ്കേതിക സഹായത്തിനുള്ള 14200/-രൂപയും, വെബ് സൈറ്റ് വരിസംഖ്യ 1500/-രൂപയും കൂട് 15700/-രൂ അടവാക്കുകയും ചെയ്തിട്ടുണ്ട്. 15700/-രൂപ രണ്ട് തവണ അടക്കുവാനുണ്ടായ സാഹചര്യം ഓഡിറ്റിന് വിശദമാക്കേണ്ടതാണ്. മാത്രമല്ല 2012-13 വർഷം പരിശീലത്തിന് നല്കിയ 20000/-രൂപയില്ഡ 12000/-രൂപ കഴിച്ച് ബാക്കി 8000/-രൂപ നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. ആയത് തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി നം. 20/28.12.15)

## 3-11 എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ-രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 174/14.

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി.

എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കുന്നതിന് ടെന്റർ വിളിച്ചത് പ്രകാരം മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും 180 എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 500/-രൂപ ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പടെ (ലൈറ്റ് ഒന്നിന് 5400/-രൂപ പ്രകാരം) താഴെ പറയും പ്രകാരമുള്ള തുക സ്ഥാപനത്തിന് നൽകുകയും ചെയ്തു.(ഇൻവോയ്സ് നം.A43/25.3.14

തുക270000/-(50 എണ്ണം), A36/ 10.3.14തുക702000/-)

| ഡിഡി നം/തിയ്യതി | തുക |
|---|---|
| 021155/08.04.14. | 306920/- |
| 021152/08.04.14. | 108500/- |
| 021161/08.04.14. | 556580/- |
| ആകെ | 972000/- |

കൂടാതെ സൂപ്പർവിഷൻ ചാർജ്ജിനത്തിൽ 54000/- രൂപ കയ്പമംഗലം കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇവ ഇൻസ്റ്റാൾ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഈയിനത്തിൽ ചെലവഴിച്ച് തുക 972000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 31/04.01.2016)

## 3-12 തുടർ സാക്ഷരത-പരീക്ഷയെഴുതിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം .119/14.

നിർവ്വഹണോദ്യോഗസ്ഥൻ- പ്രധാനാദ്ധ്യാപിക, ജി.എം.എൽ.പി.എസ്. കയ്പമംഗലം.

ബിൽ നം. തിയ്യതി.തുക-3/27.03.14 രൂപ 40500/-

തുടർ സാക്ഷരത പദ്ധതി പ്രകാരം ഒരു വിദ്യാർത്ഥിക്ക് 1500/- രൂപ വീതം27 വിദ്യാർത്ഥികളുടെ ഫീസിനത്തിൽ 40500/- രൂപ സാക്ഷരത മിഷന് നൽകിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 19.3.14 ലെ 1(6)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ലിസ്റ്റ് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. കൈപ്പറ്റ് രശീത്,വിദ്യാർത്ഥികൾ പരീക്ഷ പാസായതിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഈയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 32/04.01.2016)

## 3-13 എസ്.എസ്.എ.വിഹിതം നൽകിയത് -വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം . 77/14.

നിർവ്വഹണോദ്യോഗസ്ഥൻ-പ്രധാന അദ്ധ്യാപിക,ജി.എം.എൽ.പി.എസ്. കയ്പമംഗലം.

ബിൽ നം. തി.തുക- 1/24.10.13.

എസ്.എസ്.എ.പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക വർഷം പഞ്ചായത്ത് വിഹിതമായി ഡി.ഡി നം.021399/26.10.13 പ്രകാരം 717871/- രൂപ എസ്.എസ്.എ ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഇക്കാരണത്താൽ ഈയിനത്തിൽ ചെലവഴിച്ച 717871/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം 32/04.01.16)

## 3-14 ഫർണ്ണീച്ചർ വാങ്ങിയത് -സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം .79/14.

നിർവ്വഹണോദ്യോഗസ്ഥൻ-പ്രധാന അദ്ധ്യാപിക. ജി.എം.എൽ.പി.എസ്. കയ്പമംഗലം.

ബിൽ നം. തി.തുക-2/23.12.13.തുക 50000/-

മേൽ പ്രകാരം സ്കൂളിലേക്കാവശ്യമായ 16 ജോഡി ബെഞ്ചും,ഡസ്കും ഇൻവോയ്സ് നം.SMCO LR0346/31.10.13. പ്രകാരം ഒല്ലൂർ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കാതിരുന്നതിനാൽ ചെലവഴിച്ച തുക 50000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നം. 32/04.01.16).

## 3-15 ബയോഗ്യാസ് പ്ലാന്റ് -ബ്ലോക്ക് വിഹിതത്തിന് പകരം പദ്ധതി വിഹിതം അധികം ഉപയോഗിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ.കൂരിക്കുഴി.

പ്രോജക്റ്റ് നം.26/14.

ബിൽ നം.തി.തുക-13/15.03.14. 37400/-

പഞ്ചായത്തിലെ വീടുകളിൽ ബയോഗ്യാസ് നിർമ്മാണം എന്ന പദ്ധതി പ്രകാരം 100 ബയോ ഗ്യാസ് പ്ലാന്റിന് 850000/- താഴെ പറയും പ്രകാരം വകയിരുത്തി. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പദ്ധതി വിഹിതം | 62500/- |
| സംസ്ഥാന വിഹിതം | 425000/- |
| ഗുണഭോക്തൃവിഹിതം | 212500/- |
| ബ്ലോക്ക് വിഹിതം | 150000/- |
| ആകെ | 850000/- |

പദ്ധതി പ്രകാരം 34 (22+12) ബയോഗ്യാസ് നിർമ്മിക്കുന്നതിന് 21.02.14, 31.03.14 എന്നീ തിയ്യതികളിൽ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി എഗ്രിമെന്റ് വെക്കുകയും 22 ബയോഗ്യാസിന്റെ അഡ്വാൻസ് തുക 20% സാമ്പത്തിക വർഷം കൈമാറുകയും ചെയ്തു.നാളിതു വരെ ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | ചെക്ക്/ഡിഡി നം | തുക |
|---|---|---|
| പദ്ധതി വിഹിതം | 594139/18.3.14. | 37400/- |
| ശുചിത്വ മിഷൻ വിഹിതം- 93500/-ഗുണഭോക്തൃ വിഹിതം-18700/- | 668523/1.814 | 112200/- |
| പദ്ധതി വിഹിതം | 668773/18.8.14 | 20400/- |
| പദ്ധതി വിഹിതം 4700/-ബ്ലോക്ക് വിഹിതം 9750/- ഗുണഭോക്തൃവിഹിതം53550/- ശുചിത്വ മിഷൻ 51000/- | 669955/15.10.14 | 37400/- |
| | 669956/15.10.14 | 61200/- |
| | 669957/15.10.14 | 20400/- |

ഒരു ബയോ ഗ്യാസ് പ്ലാന്റിന് 1500/-രൂപ വീതം ബ്ലോക്ക് വിഹിതം 150000/-രൂപ വകയിരുത്തിയിരുത്തുകയും ചെക്ക് നം592473/15.02.14 പ്രകാരം തുക ലഭിക്കുകയും ചെയ്തിട്ടുണ്ട്. 34 ബയോഗ്യാസിന് ആകെ 9750/- രൂപ മാത്രമാണ് ബ്ലോക്ക് വിഹിതം ഉപയോഗപ്പെടുത്തിയിട്ടുള്ളത്. 34 ബയോഗ്യാസിന് 1500/- രൂപ വീതം 51000/- രൂപ ചെലവഴിക്കേണ്ടതിനു പകരം ആകെ 9750/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 41250 രൂപ ബ്ലോക്ക് വിഹിതം ചെലവഴിക്കുന്നതിന് പകരം പദ്ധതി വിഹിതം ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ബ്ലോക്ക് വിഹിതം അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-16 പഠനയാത്ര സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവ് ചെയ്തത് അംഗീകരിക്കുന്നില്ല.

ജി.ഒ.എം.എസ്.225/12 തസ്വഭവ തി.18.8.12 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക6.9പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവത്ക്കരണ ക്യാമ്പുകൾ, മേളകൾ,ഉല്ലാസ യാത്രകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുവാൻ പാടില്ല.എന്നാൽ താഴെ പറയുന്ന നിർവ്വഹണോദ്യോഗസ്ഥൻ കലാകായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കൽ പദ്ധതി പ്രകാരം ബാലസഭ ചെലവിലുൾപ്പെടുത്തി ഉല്ലാസ യാത്ര നടത്തുകയും ആയതിന് താഴെ പറയും പ്രകാരം തുക ചെലവഴിക്കുകയും ചെയ്തു.

**എ) പ്രോജക്റ്റ് നം.171/14**

ബിൽ നം-12/10.3.14 തുക 35323/-

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ.കൂരിക്കുഴി

മേൽ പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി ഡിഡി നം.593778/13.3.14 പ്രകാരം 35323/- രൂപ കുടുംബശ്രീ മെമ്പർ സെക്രട്ടറിക്ക് കൈമാറുകയും മലമ്പുഴയിലേക്ക് ഉല്ലാസ യാത്ര നടത്തുന്നതിന് ടി തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 11/26.12.15)

**ബി)പ്രോജക്റ്റ് നം.123/14**

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ.കയ്പമംഗലം.

മേൽ പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി ബിൽ നം.1/23.06.13.പ്രകാരം 21230/- രൂപ കുടുംബശ്രീ മെമ്പർ സെക്രട്ടറിക്ക് കൈമാറുകയും സ്നേഹതീരം,തൃശൂർ സുവോളജിക്കൽ പാർക്ക്, പീച്ചി എന്നീ സ്ഥലങ്ങളിലേക്ക് ഉല്ലാസ യാത്ര നടത്തുന്നതിന് ടി തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 34/04.01.15)സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവ് ചെയ്ത 56553 (35323/- +21230/-) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-17 വനിതകൾക്ക് ഫോർവീലർ പരിശീലനം

പ്രോജക്റ്റ് നം.35/14.

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി .

വനിതകൾക്ക് ഫോർ വീലർ പരിശീലന പദ്ധതി പ്രകാരം 14 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

പരിശീലനം നൽകുന്നതിന് ഒരാൾക്ക് 5000/- രൂപ വീതം 70000/- രൂപ പ്രവീൺ പ്രൊപ്രൈറ്റർ, പ്രോമിസ് ഡ്രൈവിങ്ങ് സ്കൂൾ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.നൽകിയ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഇനം | ബിൽനം/തിയ്യതി | തുക |
|---|---|---|
| പദ്ധതി വിഹിതം | 19/28.10.13 | 42000/- |
| ഗുണഭോക്തൃവിഹിതം | 393585/25.10.13. | 28000/- |
| ആകെ | | 70000/- |

താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഡ്രൈവിങ്ങ് ലൈസൻസിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1)ഐഷാബിസഗീർ,പള്ളിപ്പറമ്പിൽ,കൂരിക്കുഴി.

2)അശ്വതി ,പനക്കൽ,കൈപ്പമംഗലം.

3)ജിൻസി.കെ.കെ.,കറപ്പം വീട്ടിൽ,ചളിങ്ങാട്.

4)മായ ചന്ദ്രദാസ്,അയ്യപ്പുഴ,കൂരിക്കുഴി.

5)ഷമീന ഷറഫുദ്ദീൻ,കൊല്ലിയിൽ,ചളിങ്ങാട്.

6)സരസ്വതി ദേവദാസ്,കോതങ്ങത്ത്,കൈപ്പമംഗലം.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം തൊഴിൽ ഉറപ്പ് നൽകുന്ന സംഗതികളിൽ മാത്രമേ പരിശീലനം നൽകുന്നതിന് വ്യവസ്ഥയുള്ളു. ഇപ്രകാരം തൊഴിൽ ഉറപ്പു നൽകാതെയാണ് പരിശീലനം

നൽകിയിട്ടുള്ളത്.മേൽ ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭ്യമായതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.അപാകത സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണ്.

## 3-18 കുടിവെള്ളത്തിന് ഹൗസ് കണക്ഷൻ (ജനറൽ) കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം.46/14.

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി .

കുടിവെള്ളത്തിന് ഹൗസ് കണക്ഷൻ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ കണക്ഷൻ ഓർഡർ ഹാജരാക്കുന്ന മുറക്ക് 3000/രൂപ വീതം നൽകുകയാണ് പ്രോജക്റ്റ് പ്രകാരം നടപ്പാക്കിയിട്ടുള്ളത്. താഴെ പറയുന്ന ഗുണഭോക്താക്കളുടെ കണക്ഷൻ ഓർഡർ ഹാജരാക്കിയിട്ടുണ്ടെങ്കിലും തുക കൈപ്പറ്റിയതിന്റെ രശീത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല .വിശദവിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ഡി.ഡി.നം. തി. | തുക |
|---|---|---|
| സുശീല സത്യവാൻ, പാണപറമ്പിൽ,കയ്പമംഗലം | 666442/17.4.14. | 3000/- |
| പാർവ്വതി സുബ്രഹ്മണ്യൻ,മലയാറ്റിൽ വീട്,കയ്പമംഗലം | 021174/8.4.14. | 3000/- |

മേൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ കൈപ്പറ്റ് രശീതോ, അല്ലാത്ത പക്ഷം തുക തിരിച്ചടച്ചതിന്റെ രേഖകളോ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാ ത്തതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നം. 35/04.01.16)

## 3-19 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല

പ്രോജക്റ്റ് നം.32/14.

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി .

സി.എഫ്.എൽ സ്ഥാപിക്കുന്നതിന് വേണ്ടി മേൽ പ്രോജക്റ്റ് പ്രകാരം ഉഷ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും 257077/- രൂപയുടെ ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം.808/15.5.13 പ്രകാരം താഴെ പറയുന്ന ഇനങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഹാജാക്കിയിട്ടില്ല.

| ഇനം | എണ്ണം | തുക |
|---|---|---|
| 22x11Wt.CFL | 150@1158/-+tax | 173700 |
| PCB1130(22Wt.) | 60@373.60+tax | 22428 |
| CFL11Wt.4pin | 400@62+tax | 24762 |

സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവു തുക 220890/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 ഐ.എ.വൈ. പദ്ധതി പ്രകാരം മതിലകം ബ്ലോക്കിന് നൽകിയ തുക- പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

വിവിധ നിർവ്വഹണോദ്യോഗസ്ഥർ വഴി ഐ.എ.വൈ പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി മതിലകം

ബ്ലോക്കിന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. ആയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.(ഓഡിറ്റ് എൻകചയറി നം. 31/04.01.16/34/04.01.16)

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥന്റെപേര് | പ്രോജക്റ്റ് നം. | ബിൽനം/ ഡി.ഡി.നം. തിയ്യതി | തുക |
|---|---|---|---|---|
| 1 | വി.ഇ.ഒ.കൂരിക്കുഴി. | 5/14 | 11/26.11.13. | 40000/- |
| 2 | സെക്രട്ടറി | 185/14 | 021166/8.4.14 | 600000/- |
| 3 | വി.ഇ.ഒ.കയ്പമംഗലം. | 24/14 | 2/28.09.13. | 100000/- |
| 4 | ,, | ,, | 7/13.11.13. | 20000/- |
| ആകെ | | | | 760000/- |

പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-21 സ്ട്രീറ്റ് ലൈറ്റ് റിപ്പയറിങ്ങ് ചാർജ്ജ് -ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി .

പ്രോജക്റ്റ് നം.34/14.

സ്ട്രീറ്റ് ലൈറ്റ് റിപ്പയറിങ്ങ് ചാർജ്ജ് ഇനത്തിൽ താഴെ പറയും പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.മേൽ പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ബിൽ നം. തി | തുക |
|---|---|
| 1/1.6.13. | 150000/- |
| 6/9.9.13. | 50000/- |
| ആകെ | 200000/- |

കൈപ്പറ്റ് രശീതി, പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ എന്നിവ പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻകചയറി നം. 35/04.01.2016)

## 3-22 അകംപാടം കോളനി കൾവർട്ട്-താങ്ങ് തേച്ചിട്ടില്ല നഷ്ടം2973/രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
പ്രൊ നം 97/14, MB-94/13-14ബിൽ നം61/26/3/14-71590/

ചെക്ക് നം 2622766/24/3/14-127407/

30/12/15 ,11.45am ന് അസിസ്റ്റന്റ് എഞ്ചിനീയർക്കൊപ്പം സ്ഥലപരിശോധന നടത്തിയപ്പോൾ കൾവർട്ടിന്റെ താങ്ങിന് ഇനം എട്ട് പ്രകാരം തേപ്പ് നടത്തിയിട്ടില്ല എന്ന് കണ്ടു.13.32m2,2232/10m2നിരക്കിൽ തേപ്പ് നടത്തിയതിന് കരാറുകാരൻ ശ്രീ എം ഡി സന്തോഷ് ,മൂത്തേരി വീട് എന്നവർക്ക്2973/രൂപ നൽകിയിരിക്കുന്നത് അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി. എൻജിനീയരിൽ നിന്നോ ഈടാക്കേ ണ്ടതാണ് (ഓഡിറ്റ് അന്വേഷണ ക്കുറിപ്പ് നം. 36/05.01.16)

## 3-23 കാനകളുടെ നിർമ്മാണം -മണ്ണ് ലേലം ചെയ്തിട്ടില്ല,ഉപയോഗിച്ചിട്ടില്ല,കടത്തിക്കൊണ്ട് പോകുന്നതായി പത്രവാർത്ത

ഗ്രാമപഞ്ചായത്തിലെ കാനനിർമാണവുമായി ബന്ധപ്പെട്ട പണികളിലൊന്നും തന്നെ കുഴിച്ചെടുത്തമണ്ണ് ഉപയോഗിച്ചിട്ടില്ല, മാത്രമല്ല ലേലം ചെയ്തിട്ടില്ല. എം ഐ സി റോഡിൽ കാന നിർമ്മിച്ചതിന്റെ ഭാഗമായി ലഭിച്ച മണ്ണ് കടത്തിക്കൊണ്ട് പോയതായി 26/3/14ലെ മാധ്യമം പത്രവാർത്തയുണ്ട്. ജെ സി ബി ഉപയോഗിച്ച് കാന കോരിയപ്പോൾ മതിലിന് തകരാറ് സംഭവിച്ചതായി അന്നേ ദിവസത്തെ മലയാള മനോരമ പത്രവാർത്തയുണ്ട്. സ്ഥല പരിശോധനയിൽ ശ്രീ മഠത്തിപ്പറംപിൽ ബാപ്പു തന്റെ മതിലിന് തകരാറ് സംഭവിച്ചതായി പറഞ്ഞു.(ട്രി റോഡ് മൂന്നു പീടിക പള്ളിത്താനം ബീച്ച് റോഡ്) കുഴിച്ചെടുത്ത മണ്ണൊന്നും സമീപത്ത് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.ഈ പ്രവൃത്തിയുടെ ഫയലും പരിശോധനക്ക് ഹാജരാക്കിയത് പരിശോധിച്ചതിന്മേലുള്ള വിവരങ്ങൾ കൊടുക്കുന്നു.

<u>ബിൽ നം./ചെക്ക് നം./തിയ്യതി തുക</u>
14/19.07.13 360162
2622724/27.12.13 308363
പ്രൊ നം64/14,അടങ്കൽ-375000, MB-142/13-14

കരാറുകാരൻ – ശ്രീ കെ എ ഷിഹാബ്,കാവുങ്ങൽ,ഹൗസ്,അഴീക്കോട്

കരാർ-14/AE/KPM/LSGD/13-14/20/8/13

ഇനം ഒന്ന് പ്രകാരം കുഴിച്ചെടുത്ത 42.98m3മണ്ണ് എന്തു ചെയ്തു എന്ന് അളവു പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടില്ല

കാന കോരിയപ്പോൾമണ്ണ് ലഭിച്ച മറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| **പ്രവൃത്തി,കരാറുകാരൻ, അളവുപുസ്തകം** | **ലഭിച്ച് മണ്ണ്** |
|---|---|
| പതിനെട്ടുമുറി ഗ്രാമലക്ഷ്മി റോഡ് കാന നിർമാണം, വി പി പവിത്രൻ, 156/14 | $71.66m^3$ |
| ഗ്രാമലക്ഷ്മി കൂരിക്കുഴി എ. എം. യു .പി. സ്കൂളിൽ കാന നിർമാണം<br>കെ ആർ പ്രഭാകരൻ56/13-14 | $65.05m^3$ |

കാനനിർമാണവുമായി ബന്ധപ്പെട്ട് ലഭിച്ച മണ്ണ് സമീപപ്രദേശങ്ങളിലൊന്നും സ്ഥലപരിശോധന സമയത്ത് കാണുവാൻ കഴിഞ്ഞിട്ടില്ല.മണ്ണ് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടാത്തതിന് വ്യക്തമായി വിശദീകരിക്കേണ്ടതാണ്

## 3-24 ഗുണഭോക്തൃ സമിതി നടത്തിയ പ്രവൃത്തികളിലെ അപാകതകൾ

**<u>1.പഞ്ചായത്ത് ഓഫീസ് എസ് എൻ ലിങ്ക് റോഡ് ബാക്കി ഭാഗംടാറിങ്-കൺവീനറുടെ കണക്കുകൾ ആധികാരികമല്ല</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റ് എഞ്ചിനീയർ
പ്രൊജക്റ്റ് നം - SO181/14
അടങ്കൽ - മൂന്ന് ലക്ഷം ,(വികസനഫണ്ട്)

കൺവീനർ- ശ്രീ കാട്ടൂക്കാരൻ സുലൈമാൻ മകൻ അബ്ദുൾമനാഫ് കൈപ്പമംഗലം
അളവുപുസ്തകം – 139/13-14

ബിൽനം – 62/31/3/14-299798രൂപ

മേൽപറഞ്ഞ പ്രവൃത്തിയുടെ ആദ്യ ഗുണഭോക്തൃസമിതി മീറ്റിങ് നടന്നത് 24/2/14 തിങ്കളാഴ്ചയാണ്. എന്നാൽ തുടർന്നുള്ള മീറ്റിങ്ങുകൾ യഥാക്രമം 5/2/14.10/2/14,20/2/14 തീയ്യതികളിലാണ്. 20/2/14ൽ കൺവീനരുടെ കണക്കുകൾ അംഗീകരിക്കുകയും ചെയ്തതിട്ടുണ്ട്.

ഇത് സൂചിപ്പിക്കുന്നത് യഥാസമയം മിനിറ്റ്സുകൾ തയ്യാറാക്കൽ നടത്തുന്നില്ല എന്നാണ്. കമ്മിറ്റികൾ ചേരുന്നതിനനുസരിച്ച് മിനിറ്റ്സുകൾ തയ്യാറാക്കുന്നില്ല. ബിൽ അംഗീകരിച്ച് കിട്ടാൻ വേണ്ടി മാത്രമാണ് മിനിറ്റസുകൾ തയ്യാറാക്കുന്നത്. ആസൂത്രണ പ്രവർത്തനങ്ങളുടെ സുതാര്യതക്ക് നിരക്കുന്നതല്ല ഇത്. കണക്കുകൾ നിർവഹണോദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി യിട്ടുമില്ല.

ആധികാരികമല്ലാതെ മിനിറ്റ്സുകൾ തയ്യാറാക്കിയതിനും സാക്ഷ്യപ്പെടുത്താതിരുന്നതും വിശദീകരിക്കേണ്ടതാണ്.

<u>(2) N.C.F.R.W. ചളിങ്ങാട് സുബ്രഹ്മണ്യക്ഷേത്രം റോഡ് – കൺവീനറുടെ കണക്കുകൾ, ചെലവു വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി (അടങ്കൽ അഞ്ച് ലക്ഷം)

കരാർ-3/11-12/28/11/11

MB -88/11-12,-
BILL-28/3/11/14, 477098രൂപ

മേൽ പറഞ്ഞ പ്രവൃത്തി സംബന്ധിച്ച കൺവീനരുടെ കണക്കുകൾ,കൺവീനർക്ക് തുക നല്കിയതിന്റെ വിവരങ്ങൾ,റോഡ് ടാറിങിന് വേണ്ടി ബിറ്റുമിൻ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിയതിന്റെ വിവരങ്ങൾ എന്നിവ പരിശോധനക്കു ലഭ്യമാക്കിയിട്ടില്ല. ആയവ എത്രയും വേഗം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

<u>(3)പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ-ബിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല, രേഖകൾ ലഭ്യമാക്കിയിട്ടില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ
പ്രൊജക്റ്റ്നം – 126/12-13, 141/14, 65/15

അടങ്കൽ-ആറുലക്ഷം രൂപ,( ലോക ബാങ്ക് ധനസഹായം)

കൺവീനർ-ശ്രീ തോട്ടുപറംപത്ത് കുഞ്ഞിമൊയ്തീൻ മകൻ ഉമ്മർ

കരാർ നംപർ 32/AE/KPM/LSGD/12/3/13

| ബിൽനം | തുക |
|---|---|
| 5/18/5/13 | 100000 പ്രവർത്തന മുൻകൂർ |
| 3/23/7/14 | 500000 അന്തിമബിൽ |

ഈ പ്രവൃത്തിയുടെ അന്തിമബില്ലിൽ അസി. എക്സി എൻജിനീയർ പരിശോധന നടത്തിയിട്ടില്ല. മാത്രമല്ല,കൺവീനറുടെ കണക്കുപുസ്തകം, സംയുക്ത ബാങ്ക് പാസ്ബുക്ക്, അളവു പുസ്തകം 161/12-13എന്നിവയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽപറഞ്ഞ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും അന്തിമ ബിൽ പരിശോധനക്ക് വിധേയമാക്കിയതിന് മുൻപേ തുക അനുവദിക്കാൻഉണ്ടായ കാരണവും വിശദീകരിക്കേണ്ടതാണ് . ഗുണഭോക്തൃ സമിതികൾ G.O.(MS) 42/99/ പ്ലാനിംഗ്/22.09.99, G.O.(P)36/ 98/ത.സ്വ.ഭ.വ./13.02.98, G.O.(P)218/ 98/ത.സ്വ.ഭ.വ./23.10.98, G.O.(MS)64/ 99/ ത.സ്വ.ഭ.വ./17.08.99 എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവു ചെയ്ത 1 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

## 3-25 ഖരമാലിന്യ സംസ്കരണപ്ലാന്റിന് മുന്നിൽ മാലിന്യക്കൂമ്പാരം

30/12/15,2.35pmന് അസി എൻജിനീയരുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയപ്പോൾ ഇതുവരെയും യന്ത്രങ്ങളൊന്നും സ്ഥാപിക്കാത്ത പ്ലാന്റിന്റെ ഗേറ്റിന് മുമ്പിൽ മാലിന്യക്കൂമ്പാരം

നിക്ഷേപിച്ചിരിക്കുന്നതായി കണ്ടെത്തി .പ്ലാന്റ് പ്രവർത്തിച്ച് തുടങ്ങും മുമ്പേ അതിന് മുന്നിൽ മാലിന്യക്കൂമ്പാരം നിക്ഷേപിച്ചിരിക്കുന്നത് ശരിയല്ല. ഇക്കാരണത്താൽ പ്ലാന്റിനകത്തേക്ക് കയറുവാനും പ്രൊജക്റ്റ് നം. 142/13-14പ്രകാരം കരാറുകാരനായ ശ്രീ. ഇ എൻ ഉണ്ണികൃഷ്ണൻ വെള്ളക്കെട്ടുള്ള ഭാഗങ്ങളിൽ914.65m3 മണ്ണ് നിറക്കൽ പ്രവൃത്തി നടത്തിയിട്ടുണ്ടോ എന്ന് പരിശോധനക്കുവാനും കഴിഞ്ഞിട്ടില്ല.(bill No 23/26/12/13-314389/)പ്ലാന്റിന്റെ ഗേറ്റിന് മുംപിലുള്ള മാലിന്യക്കൂമ്പാരം എത്രയും വേഗം നീക്കം ചെയ്യേണ്ടതും മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കാനുള്ള ബോർഡ് സ്ഥാപിക്കേണ്ടതുമാണ്. സംസ്കരണ പ്ലാന്റ് പ്രവർത്തന ക്ഷമമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 3-26 ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ

ഗ്രാഞ്ചായത്തിലെ താഴെപ്പറയുന്ന റോഡുകൾ 30/12/15ന് സ്ഥലപരിശോധന പരിശോധന നടത്തിയപ്പോൾ റോഡ്പ്രവൃത്തികൾ വേണ്ടത്ര ഗുണനിലവാരമില്ല എന്ന് കണ്ടു.

**1.പള്ളിത്താനം ബീച്ച് റോഡ് റീടാറിങ്**

പ്രൊജക്റ്റ് നം. – 137/12-13,(അടങ്കൽ മൂന്ന് ലക്ഷം)
അളവുപുസ്തകം – 145/13
കരാറുകാരൻ – ഇ .എൻ ഉണ്ണികൃഷ്ണൻ

ബിൽ നം – 1/18/5/13 300000

ചെക്ക് നം. -2545892/16/5/13 89423

365മീറ്റർ റീടാറിങ് നടത്തിയ മേൽ പറഞ്ഞ റോഡ് 30/12/15,12.45pmന് സ്ഥലപരിശോധന നടത്തിയപ്പോൾ റോഡിന്റെ ആരംഭ ഭാഗത്ത് തന്നെ നല്ല കുഴികൾ കണ്ടെത്തി. മാത്രമല്ല പല സ്ഥലങ്ങളിലും റോഡ് പൊട്ടിപ്പൊളിഞ്ഞിട്ടുണ്ട്.

**2.LBS_IHDP കോളനി റോഡ് മെറ്റലിങ് ടാറിങ്**

പ്രൊജക്റ്റ്നം – 52/10,SO125/12,SO158/14,

അടങ്കൽ – 482105
കരാർ-AE/KPM/09-10/11/11/09

കൺവീനർ – ശ്രീ പഴംപനാട്ട് അയ്യപ്പൻ മകൻ സുകുമാരൻ
MB – 8/09-10

| ബിൽ നം. | തുക |
|---|---|
| 11/09-10/25/3/10 | 66642 |
| 05/09-10/23/11/09 | 83750 |
| 13/27/6/13 | 106440 |

411 മീറ്റർ ടാറിങ് നടത്തിയ മേൽപറഞ്ഞ റോഡ് 30/12/15,3pmന് സ്ഥലപരിശോധനനടത്തിയപ്പോൾ പല ഭാഗങ്ങളിലും റോഡ് പൊട്ടിപ്പൊളിഞ്ഞിട്ടുള്ളതായി കണ്ടു.കോളനിയുടെ സമീപത്ത് തന്നെ റോഡ് ടാറിങ് വളരെ നിലവാരം കുറഞ്ഞാണ് കണ്ടെത്തിയത് 23/1/10ന്23ബാരൽ ബിറ്റുമിൻ നല്കിയതിന് ശേഷം 20/5/13ൽ മാത്രമാണ് ടാറിങ് നടത്തിയത്. ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ഭാവിയിൽ ഗ്രാഞ്ചായത്തിന് ബാദ്ധ്യത വരുത്തിവെക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. മേൽപറഞ്ഞ പ്രവൃത്തികൾ വേണ്ടത്ര ഗുണനിലവാരം പുലർത്താതിരുന്നതിന് വ്യക്തമായി വിശദീകരിക്കേണ്ടതാണ്.

## 3-27 ആസ്തി രജിസ്റ്റർ കാലികമല്ല

GO(MS)255/13/LSGD/18/7/13നമ്പർ ഉത്തരവിൽ ആസ്തി രജിസ്റ്റർ കാലികമാക്കി ഡിജിറ്റൽ രൂപത്തിലാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ അറ്റകുറ്റപ്പണികൾ നടത്തിയതിന്റെയോ, കൂട്ടിച്ചേർത്തലുകൾ കുറവുവരുത്തലുകൾ നടത്തിയതിന്റെയോ വിവരങ്ങൾചേർത്തിട്ടില്ല .തേയ്മാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് ഓഫീസ് എസ് എൻ ലിങ്ക് റോഡിന് പഴയ ആസ്തി രജിസ്റ്ററിൽ 270മീറ്ററാണ് നീളം

എന്നാൽ പുതിയ ആസ്തി രജിസ്റ്ററിൽ ഈ റോഡ് ഉൾപ്പെട്ടിട്ടില്ല. 30/12/15ന് സ്ഥല പരിശോധന നടത്തിയപ്പോൾ ഈ റോഡിന് 500മീറ്റർ നീളമുള്ളതായി കണ്ടു. കുറ്റമറ്റ രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കാത്തത് വിശദീകരിക്കേണ്ടതാണ്.

## 3-28 ബോർഡ് -ഇ.ടി എസ് റോഡ്-എം എൽ എ ഫണ്ട് ലഭിക്കാത്ത്തിനാൽ വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

പഞ്ചായത്ത് ഭരണസമിതിയുടെ 1(5)/26/6/13നംപർ തീരുമാനത്തിൽ ശ്രീ വി. എസ്. സുനിൽകുമാറിന്റെ എം .എൽ .എ. ഫണ്ട് ഉപയോഗിച്ച് ബോർഡ് ഇ ടി എസ് റോഡ് പൂർത്തികരിച്ചതായും എന്നാൽ ജില്ല കളക്റ്ററുടെ FN9-2012/34288/8/14/6/13നംപർ കത്ത് പ്രകാരം എം. എൽ. എ .ഫണ്ട് പ്രകാരം പണി ചെയ്യാൻ പറ്റില്ല എന്നതിനാൽ ബിൽ മടക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

24/10/13ലെ 4നംപർ തീരുമാനത്തിൽ ദ്വാരമടക്കുന്ന പ്രവൃത്തി ഉണ്ടായിരുന്നതുകൊണ്ടാണ് എം. എൽ. എ. ഫണ്ട് ലഭിക്കാഞ്ഞതെന്നും എം എൽഎ ഫണ്ട് ലഭിക്കാത്തപക്ഷം തനത് ഫണ്ട് ഉപയോക്കാമെന്നും തീരുമാനിച്ചതായി രേഖപ്പെടുത്താത്തിയിട്ടുണ്ട്. വികസനഫണ്ട് വകയിരുത്തി പദ്ധതി തയ്യാറാക്കി ബിൽ നംപർ 33/22/1/14,DD No 596055/23/1/14പ്രകാരം കൺവീനർ ശ്രീ പി ഡി കുൽദീപ്കുമാർപുത്തൂര് വീട് കൈപ്പമംഗലം എന്നവർക്ക് തുക അനുവദിക്കുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1.ഈ പ്രവൃത്തിക്ക് എം എൽഎ ഫണ്ട് അനുവദിച്ചത് സംബന്ധിച്ച ജില്ലാ കളക്റ്ററുടെ ഉത്തരവ്

2ഗുണഭോക്തൃസമിതിയെ തെരെഞ്ഞെടുത്തത് സംബന്ധിച്ച പഞ്ചായത്ത്കമ്മിറ്റി തീരുമാനങ്ങൾ

3.പ്രവൃത്തിക്ക്എം എൽഎ ഫണ്ട് അനുവദിക്കാൻ പറ്റില്ല എന്നുള്ള ജില്ലകളക്റ്ററുടെ ഉത്തരവ്

4.SO176/14എന്ന പ്രൊജക്റ്റ്പ്രകാരം ബോർഡ്-ഗാന്ധി റോഡ് റീടാറിങ് എന്ന പേരിലാണ് വികസനഫണ്ട് വകയിരുത്തി ഈ പ്രവൃത്തിചെയ്തിട്ടുള്ളത്. ഈപ്രവൃത്തി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5.ഗുണഭോക്തൃ സമിതി കൺവീനരുമായി ചമച്ച കരാർ ലഭ്യമാക്കിയിട്ടില്ല.

ഈ പ്രവൃത്തിയുടെ ഫയലിലെ ഫോട്ടോ പ്രകാരം ഇത് എം എൽ എ അഡ്വക്കേറ്റ് വി എസ് സുനിൽകുമാറിന്റെ വികസന ഫണ്ടിൽ നിന്നും അനുവദിച്ചത് പ്രകാരമെന്നാണ് കാണിച്ചിട്ടുള്ളത് . എംഎൽഎ ഫണ്ടിന് ഭരണാനുമതി ലഭിച്ചശേഷം ആയത് നഷ്ടപ്പെട്ടു പോകാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. ഗുണഭോക്തൃസമിതിയുമായി കരാറിലേർപ്പെട്ട് അവർ പ്രവൃത്തി പൂർത്തികരിച്ച ശേഷം പിന്നീട് ഫണ്ട് ലഭിക്കാതെ വന്ന സാഹചര്യം പിന്നീട് ഗുണഭോക്തൃ സമിതിക്കാർ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കാൻ മുന്നോട്ട് വരാനുള്ള നീക്കങ്ങളിൽനിന്നും അവരെ പിൻവലിയാൻ പ്രേരിപ്പിക്കുന്നതുമാണ്.അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-29 മരിയ ഹെറിറ്റേജ് ഹോട്ടലിന് പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം നൽകിയത്-പഞ്ചായത്ത് സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം

പഞ്ചായത്ത് ഡയറക്ടററുടെ D7-134980/15/31/7/15പ്രകാരം മരിയ ഹെറിറ്റേജ് ഹോട്ടലിന് ബാർ ലൈസൻസ് പുതുക്കുന്നതിലേക്കായി വ്യാജ സർട്ടിഫിക്കറ്റ് നൽകിയത് സംബന്ധിച്ച് VC>17/2015/ TSRനംപറായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ കേസ് അന്വേഷണം പൂർത്തിയാകുന്നത് വരെ മുൻ സെക്രട്ടറി ശ്രീവി .എച്ച് ഹബീബിനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്മേലുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ടൂറിസം വകുപ്പിൽ ഹാജരാക്കുന്നതിന് വേണ്ടിയാണ് A-5826/14നംപറായി 13/8/14ന് സാക്ഷ്യപത്രം അനുവദിച്ചത്. IV/393,IV/394എന്നീ കെട്ടിടങ്ങൾക്ക് 300 വർഷവും IV/393A എന്ന കെട്ടിടത്തിന് 68 വർഷവും പഴക്കമുണ്ടെന്നാണ് സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. ഈ സ്ഥാപനത്തിന്റെ മാനേജിങ് ഡയറക്റ്റർ ശ്രീ ജോജോ ജോസഫ്, ആമക്കാട്ട് ഹൗസ് ,മുള്ളൻകൊല്ലി, സുൽത്താൻബത്തേരി എന്നവരാണ്. ഈ ഹോട്ടലിന്റെ പഴയ പേര് നടുലു വീട്ടിൽ റിസോർട്ട് എന്നും മുൻ മാനേജിങ്

പാർട്ണർ തഷ്ണാത്ത് ശാരങ്കാധരൻ മകൻ ജിൽസുഎന്നവർ 15/11/11ന് നെടുമങ്ങാടുള്ള പടിഞ്ഞറ്റിൽ വാമദേവൻ മകളും ജയൻ ഭാര്യയുമായ ശ്രീമതി ഷീജക്ക് 393.394നംപർ കെട്ടിടങ്ങൾ കൈമാറിയത് സംബന്ധിച്ച ആധാരത്തോ ടൊപ്പം ഹാജരാക്കിയ ഫോറം 1ബി യിലെ വിവരങ്ങൾ പ്രകാരം 393,394 എന്ന കെട്ടിടങ്ങൾ നിർമ്മിച്ചത് 1989ലാണ്.

മുന്നൂറ് വർഷത്തോളം പഴക്കമുണ്ടെന്നുള്ള വസ്തുത ആധികാരികമായി സ്ഥിരീകരിക്കേണ്ടത് സംസ്ഥാന പുരാവസ്തു വകുപ്പാണ് .ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ച നടപടിയെ സംബന്ധിച്ച് വ്യക്തമായി വിശദീകരിക്കേണ്ടതാണ്.

## 3-30 എരുകുളം കുഞ്ഞിപ്പള്ളി കനാൽ സംരക്ഷണം-അളവ്,മേലളവ് എടുക്കും മുമ്പേ ബിൽ തുക അനുവദിക്കാൻ ശുപാർശ

അടങ്കൽ തുക - 483000

പ്രൊജക്റ്റ് നം. - 63/14

കരാർ നം. – 32/AE/KPM//13-14/6/11/13

കരാറുകാരൻ – മുഹമ്മദ് സഗീർ,പുന്നിലത്ത് ഹൗസ് കൂളിമുട്ടം

ബിൽ നം – 26/26/12/13 349911

ചെക്ക് നം. – 668564/1/8/14 126434

അളവുപുസ്തകം – 106/13-14

മേൽ പ്രവ്യത്തിയുടെ അളവെടുത്തതും മേലളവ് പരിശോധിച്ചതും യഥാക്രമം 23/5/14, 26/5/14 തിയ്യതികളിലാണ്. ബിൽ തയ്യാറാക്കിയതും ആയത് സൂക്ഷ്മപരിശോധന നടത്തിയതും 26/05/14 നാണ്. എന്നാൽ സൂക്ഷ്മപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സി.എൻജിനീയർ D1-363/134/14/AEE നം. കത്ത് പ്രകാരം ബിൽ തുക അനുവദിക്കാൻ ശുപാർശ നൽകിയിരിക്കുന്നത് 19/5/14ലെ കത്ത് പ്രകാരമാണ്

അളവും മേലളവും എടുക്കും മുമ്പേ ബിൽ തുക അനുവദിക്കാൻ ശുപാർ കത്ത് നൽകിയിരിക്കുന്നതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-31 മിനിറ്റ്സ് പൂർത്തികരിച്ചിട്ടില്ല.

താഴെ പറയുന്ന ദിവസങ്ങളിലെ മിനിറ്റ്സ് പൂർത്തികരിച്ചിട്ടില്ല എന്ന് കണ്ടു.തീരുമാന നമ്പറും തീയ്യതിയും

2(2)/ 11/12/13

5(2)/ 20/8/13

4(3)/ 26/12/13

3/ 15/10/13

മേൽ പറഞ്ഞ തീയ്യതികളിൽ തീരുമാനങ്ങൾ രേഖപ്പെടുത്താത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 3-32 നിഅമത്ത് റോഡ് പാർശ്വസംരക്ഷണം-കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിട്ടില്ല- നഷ്ടം 3842/രൂപ

പ്രൊജക്റ്റ് നം – 104/14,
MB – 155/13-14

കരാറുകാരൻ – ശ്രീ ഇ എൻ ഉണ്ണികൃഷ്ണൻ

കരാർ നം. – 42/AEE/KPM/LSGD/13-14/6/11/13

ചെക്ക് നം. – 2622765/24/3/14 179982/

മേൽപറഞ്ഞ പ്രവൃത്തിയുടെ ഇനം ഒന്ന് പ്രകാരം 13.34m$^3$ മണ്ണ് കുഴിച്ചെടുത്തിരുന്നു. എന്നാൽ ഈ മണ്ണ് ഇനം അഞ്ച് പ്രകാരമുള്ള ഫില്ലിങ്ങിനോ മറ്റെതെങ്കിലും പ്രവൃത്തിക്കുമോ ഉപയോഗിച്ചിട്ടില്ല. എന്നാൽ ഇനം അഞ്ച് പ്രകാരം 30.11m$^3$മണ്ണ് പുറമെ നിന്ന് കൊണ്ട് വന്ന് നിറച്ചതിന് കരാറുകാരന് 2880/10m$^3$പ്രകാരം 8671.68രൂപ നൽകിയിരിക്കുന്നത് ശരിയല്ല. കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിട്ടില്ലാത്തതിനാൽ പുറമെ നിന്ന് കൂടുതലായി കൊണ്ടുവന്ന 13.34m$^3$ മണ്ണിന് നൽകിയിരിക്കുന്ന 3842/ (2880/10m3)രൂപ കരാറുകാരനിൽ നിന്നോ ഉത്തര വാദിയായ അസി.എൻജിനീയരിൽ നിന്നോ ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-33 തനത് ഫണ്ടിൽ നിന്നും ക്രമവിരുദ്ധമായ ചെലവുകൾ

താഴെ പറയുന്ന പ്രവൃത്തികളിൽ ബില്ലുകൾ പരിശോധനക്ക് വിധേയമാക്കുന്നതിന് മുമ്പേ തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചതായി കണ്ടെത്തി.

| പ്രവൃത്തി,കരാറുകാരൻ, പ്രൊജക്റ്റ് നം, അളവുപുസ്തകം | ബില്ലുകൾ പരിശോധനക്ക് വിധേയമാക്കിയ തിയ്യതി | ചെക്ക് നം./ തിയ്യതി |
|---|---|---|
| നിഅമത്ത് റോഡ് പാർശ്വസംരക്ഷണം, ശ്രീ ഇഎൻ ഉണ്ണികൃഷ്ണൻ ,104/14,155/13-14 | 25/3/14 | 2622765/24/3/14 |
| എസ്.എൻ റോഡ് പാച്ച് വർക്ക്, ശ്രീ ഇ എൻ ഉണ്ണികൃഷ്ണൻ, 115/14,187/13-14 | 19/3/14 | 2622755/12/3/14 |

ഇതിൽ രണ്ടാമത്തെ പ്രവൃത്തിക്കുള്ള ഡി .ഡി അസി എൻജിനീയർ ഡി.ഡി.നം.594047 പ്രകാരം 17/3/14ന് നൽകിയിരിക്കുന്നതായും കണ്ടെത്തി.ബില്ലുകൾ പരിശോധനക്ക് വിധേയമാ ക്കിയതിന് മുമ്പേ ചെക്ക് ,ഡി.ഡി എന്നിവ ക്രമവിരുദ്ധമായി നൽകിയിരിക്കുന്നതിന് വ്യക്തമായി വിശദീകരിക്കേണ്ടതാണ്.

## 3-34 കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടില്ല.

പ്രൊജക്റ്റ് നം. – 138/14

അളവുപുസ്തകം – 156/12-13

കരാറുകാരൻ – ശ്രീ വി പി പവിത്രൻ
ബിൽ നം. – 14/19.07.13 രൂപ 360162/-

പതിനെട്ടുമുറി ഗ്രാമലക്ഷ്മി റോഡിൽ കാന നിർമ്മിച്ചതിന്റെ ഭാഗമായി ഇനം ഒന്ന് പ്രകാരം71.66m$^3$ മണ്ണ് ലഭിച്ചിരുന്നു. ഭരണസമിതിയുടെ 6(12)/14/5/13നം തീരുമാനപ്രകാരം മഴ പെയ്താൽ കാന മൂടിപ്പോകാൻ സാധ്യത ഉള്ളതിനാൽ ലേലം ചെയ്യാൻ തീരുമാനിച്ചതായും പക്ഷെ ആയത് ലേലം ചെയ്തിട്ടില്ല എന്നും കണ്ടെത്തി. 2012ലെ പട്ടിക നിരക്ക് പ്രകാരം137/m$^3$ വിലയുള്ള മണ്ണ് ലേലം ചെയ്ത് വിറ്റിരുന്നുവെങ്കിൽ 9817/രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കുമായിരുന്നു .ഭരണസമിതി തീരുമാനമനുസരിച്ച് മണ്ണ് ലേലം ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-35 മേറ്റുമാർ യഥാർഥത്തിൽ ജോലിക്ക് ഹാജരാകാത്തവരുടെ ഒപ്പുകൾ വ്യാജമായി രേഖപ്പെടുത്തി പണം കൈപ്പറ്റി ,തിരിച്ചടച്ചു

പത്തൊമ്പതാം വാർഡിലെ വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് മേറ്റ്മാരായ ശ്രീമതി സുഭദ്ര വിജയൻ, കോഴിപ്പറമ്പിൽ ഹൗസ്, കൈപ്പമംഗലം, ശ്രീമതി അശ്വിനി അനിൽകുമാർ, പനക്കൽ ഹൗസ്, കൈപ്പമംഗലം, കരടിവളവ് എന്നിവരാണ് അനധികൃതമായി തുക കൈപ്പറ്റിയത്.

വാർഡിലെ തൊഴിലുറപ്പ് പദ്ധതിയുമായി പ്രവർത്തിക്കുന്ന ഏഴ് പേരുടെ 18/7/13ലെ പരാതിയാണ് ഇക്കാര്യം വെളിവാക്കിയത്. പരാതിയിൽ മേറ്റ്മാർ സാമ്പത്തിക അച്ചടക്കം പാലിച്ചില്ലെന്നും തൊഴിലാളികളുടെ പേരിൽ ഒപ്പിട്ട് പണം കൈപ്പറ്റിയതായും ആരോപിച്ചിട്ടുണ്ട്

ഇതെ തുടർന്ന് മതിലകം ബ്ലോക്ക് പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ 2/8/13ന് മേൽപറഞ്ഞവർക്ക് കത്ത് എഴുതുകയും അടിസ്ഥാനപരമായിട്ടുള്ള വാസ്തവം ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ മുമ്പാകെ ബോധിപ്പിക്കണമെന്നും അറിയിച്ചു.

തുടർന്ന് ശ്രീമതി സുഭദ്ര വിജയൻ 128 തൊഴിൽദിനങ്ങൾ വ്യാജ ഒപ്പിട്ട് പണം കൈപ്പറ്റിയതായും, ശ്രീമതി അശ്വിനി അനിൽകുമാർ 149 തൊഴിൽദിനങ്ങളിൽ ഇപ്രകാരം ചെയ്തതായും സമ്മതിച്ചു.

ഇതെ തുടർന്ന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ B-725/13/3/8/13നംപർ കത്ത് പ്രകാരം ശ്രീമതി സുഭദ്ര വിജയൻ 20992/രൂപയും, ശ്രീമതി അശ്വിനി അനിൽകുമാർ 24436രൂപയും 6/9/13നകം കനറാ ബാങ്കിന്റെ കൈപ്പമംഗലം ശാഖയിയിൽ 1097101057162നം. അക്കൗണ്ടിലടച്ച് പ്രോഗ്രാം ഓഫീസർ മുമ്പാകെ ഹാജരാകുവാൻ അറിയിച്ചു.

ശ്രീമതി സുഭദ്ര വിജയൻ അനധികൃതമായി കൈപ്പറ്റിയതായ 20992/- രൂപ 10/9/13നും ശ്രീമതി അശ്വിനി അനിൽകുമാർ കൈപ്പറ്റിയതായ 24436/-രൂപ 20/9/13നും അടവാക്കിയതും കനറാബാങ്കിന്റെ പാസ് ബുക്കുമായി പരിശോധിച്ച് ബോധ്യപ്പെടുകയുണ്ടായി.

തൊഴിലുറപ്പ് പദ്ധതിയിൽ നടന്നക്രമക്കേടുകൾ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 16/24/10/13നംപർ തീരുമാനപ്രകാരം ആറു മാസത്തേക്കും 10/8/1/14നംപർ തീരുമാന പ്രകാരം മേറ്റുമാരെ പൂർണമായും ചുമതലകളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

താഴെപ്പറയുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ടാണ് മേറ്റർമാർ അനധികൃതമായിപണം കൈപ്പറ്റിയത്.

1.19ാം വാർഡിലെ കുളങ്ങൾ ആഴം കൂട്ടി വൃത്തിയാക്കൽ(മസ്റ്റർറോൾ നം.4725)

2.കോഴിശേരി സുരേഷിന്റെ വീട് പരിസരം മുതൽ കിഴക്കെ വീട്ടിൽ സുരേന്ദ്രന്റെ വീട് പരിസരം വരെ ഉപതോട് പുനരുദ്ധാരണം (4451,4604നം. മസ്റ്റർറോൾ)

3.കമ്പനിക്കടവ് പടിഞ്ഞാറ് കലുങ്ക് വടക്ക് തോട് പുനരുദ്ധാരണം(4450,4603നം മസ്റ്റർറോൾ)

ഇവയിൽ4604നം മസ്റ്റർറോൾ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും അനുവദിച്ചത് 11/3/13ന് ആണെങ്കിലും മസ്റ്റർ റോളിൽ 9/3/13, 11/3/13തിയ്യതികളിൽ തൊഴിലാളികൾ ഒപ്പിട്ടിട്ടുണ്ട്. 11/3/13 ന്അനുവദിച്ച 4603നംപർ മസ്റ്റർറോളിൽ തൊഴിലാളികൾ 9,10,11/3/13 തീയ്യതികളിൽ ഒപ്പിട്ടിട്ടുണ്ട്.

വിജിലൻസ് മോണിറ്ററിങ് സമിതി കുറ്റമറ്റ രീതിയിൽ മേൽനോട്ടം നടത്തിയിട്ടില്ല. സ്ഥലപരിശോധന നടത്താൻ ചുമതലപ്പെട്ടവർക്കും കുറ്റമറ്റ രീതിയിൽ ആയത് നടത്താൻ കഴിഞ്ഞിട്ടില്ല. സർക്കാർ പണം മേറ്റർമാർ അനധികൃതമായി കൈപ്പറ്റിയത് ഗൗരവമായി കാണേണ്ടതും പദ്ധതികളുടെ പ്രവർത്തനങ്ങൾ ഭാവിയിൽ കുറ്റമറ്റ രീതിയിൽ നടക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-36 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച പൊതു വിവരങ്ങൾ താഴെപ്പറയുന്നു.

133985000/-രൂപ അടങ്ങലിൽ 1267 പ്രവർത്തികളാണ് ആവിഷ്കരിച്ചതെങ്കിലും 237 പ്രവർത്തികളാണ് നടപ്പിലാക്കിയത്. ആവിഷ്കരിയ്ക്കുന്ന പദ്ധതികൾ എല്ലാം സമയബന്ധിതമായി പൂർത്തീകരിയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്ആദ്യഘട്ടത്തിൽ ജാഗ്രതാ മേൽനോട്ടസമിതി മീറ്റിങ്ങുകളിൽ പങ്കെടുക്കുന്നില്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ടുകളിൽ ഓരോ വാർഡിലും കണ്ടെത്തിയ പ്രശ്നങ്ങൾ സമാന രീതിയിലാണ് അവതരിപ്പിച്ചിട്ടുള്ളത്. പ്രശ്നങ്ങളെ സമഗ്രമായി വിലയിരുത്തി ആധികാരികമായി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

പ്രോഗ്രാം ഓഫീസിൽനിന്ന് മസ്റ്റർറോൾ ലഭിച്ച തീയ്യതി, സൈറ്റിൽ നിന്ന് തിരികെ ലഭിച്ചത് എന്നീ വിവരങ്ങൾ പലയിടത്തും രേഖപ്പെടുത്തിയിട്ടില്ല.

തൊഴിലാളികൾ പേര് രജിസ്റ്റർചെയ്ത തീയ്യതി, ഉദ്യോഗസ്ഥന്റേ പേരു വിവരങ്ങൾ എന്നിവയും

പലയിടത്തും രേഖപ്പെടുത്തിയിട്ടില്ല

പലയിടത്തും തൊഴിലാളികളുടെ പേരു വിവരങ്ങളോടൊപ്പം വയസ്സ് ,ബാങ്ക് അക്കൗണ്ട് ബാങ്കിന്റെപേര് രേഖപ്പെടുത്തിയിട്ടില്ല

3725 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തതിൽ 587കുടുംബങ്ങൾക്ക് മാത്രമേ നൂറ് ദിവസങ്ങളിലെ പ്രവൃത്തികൾ ലഭ്യമായിട്ടുള്ളത് മുഴുവൻ കുടുംബങ്ങൾക്കും നൂറ് ദിവസങ്ങളിലെ പ്രവൃത്തികൾ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്ഥിരം ആസ്തികൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടില്ല. മസ്റ്റർ റോളിലും സൈറ്റ് ഡയറികളിലും സന്ദർശകകുറിപ്പുകൾ രേഖപ്പെടുത്താത്തത് പരിശോധനയിൽ കണ്ടു. ഭാവിയിൽ മേൽപറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-37 പുതിയ അക്കൗണ്ടിങ്ങ് സമ്പ്രദായം വിഷയാധിഷ്ഠിത അവലോകനം

കൈപ്പമംഗലം ഗ്രാമ പഞ്ചായത്തിൽ 18.01.13 .മുതൽ ജി.ഒ.(എം.എസ്.) 308/10.എൽ.എസ്.ജി.ഡി. തിയ്യതി 23.12.10. പ്രകാരമുള്ള സാംഖ്യാധിഷ്ഠിത അക്കൗണ്ടിങ്ങ് സമ്പ്രദായം നടപ്പിലാക്കി. സാംഖ്യ സോഫ്റ്റ് വെയർ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ജി.ഒ.(എം.എസ്) നം.128/11 എൽ.എസ്.ജി.ഡി. തിയ്യതി 06.07.11.പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ഇനങ്ങൾ | എണ്ണം | വാങ്ങിയ വർഷം | ചെലവഴിച്ച തുക | ഫണ്ട് തരം |
|---|---|---|---|---|
| കമ്പ്യൂട്ടർ | 5 | 2013 | 174850 | കെ.എൽ.എസ്.ജി.ഡി.പി. |
| കമ്പ്യൂട്ടർ | 4 | 2014 | 139960 | കെ.എൽ.എസ്.ജി.ഡി.പി. |
| കമ്പ്യൂട്ടർ | 3+3 | 2015 | 130350+131970 | വികസന ഫണ്ട് (ജനറൽ) |
| സെർവ്വർ | 1 | 2013 | 108500 | കെ.എൽ.എസ്.ജി.ഡി.പി. |
| യു.പി.എസ്. | 5 | 2014 | 266605 | കെ.എൽ.എസ്.ജി.ഡി.പി. |
| പ്രിന്റർ | 4 | 2013 | 37815 | കെ.എൽ.എസ്.ജി.ഡി.പി. |
| പ്രിന്റർ | 4 | 2015 | 46700 | വികസന ഫണ്ട് (ജനറൽ) |

സാംഖ്യ നടപ്പാക്കിയതിന് ശേഷം ജി.ഒ.(സാധാ)നം.1838/12.എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരം ഐ.കെ.എം.സ്പെസിഫിക്കേഷനോടു കൂടിയുള്ള കമ്പ്യൂട്ടറുകളാണ് വാങ്ങിയിട്ടുള്ളത്. കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ അപാകതയൊന്നും കാണുന്നില്ല. കമ്പ്യൂട്ടർ ഹാർഡ് വെയർ/സോഫ്റ്റ് വെയർ സ്റ്റോക്ക് രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.ആവശ്യമായ എല്ലാ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കുന്നില്ല.

സാംഖ്യയിലേക്ക് മാറുന്നതിന് മുൻപ് ഓപ്പണിങ്ങ് ബാലൻഷീറ്റ് തയ്യാറാക്കിയിരുന്നെങ്കിലും മുൻപുണ്ടായിരുന്ന എല്ലാ സ്വത്തുക്കളും , കട ബാദ്ധ്യതകളും കണക്കാക്കി ചേർത്തിരുന്നില്ല .ബാങ്ക് ബാലൻസ്, ക്യാഷ് ബാലൻസ് എന്നിവ ഉൾപ്പെടുത്തുകയും ബാങ്ക് സ്റ്റേറ്റ്മെന്റുമായി റീകൺസിലിയേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. കിട്ടാകടത്തിന് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. ടെക്നിക്കൽ അസിസ്റ്റന്റിനും മറ്റു സ്റ്റാഫുകൾക്കും പരിശീലനം ലഭിച്ചിട്ടുണ്ട്. പരിശീലനം ലഭിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| തസ്തിക | പരിശീലനം ലഭിച്ച കാലയളവ് | പരിശീലനത്തിന് ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| ക്ലാർക്ക് | 2013(ഒരു ക്ലർക്ക്) | ഇല്ല | |
| ഹെഡ്ക്ലർക്ക് | 2013 | ഇല്ല | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് | 2014 | ഇല്ല | |
| ജെ.എസ്. | --- | ഇല്ല | |
| അസി.സെക്രട്ടറി | 2012 | ഇല്ല | |
| സെക്രട്ടറി | 2013 | ഇല്ല | |
| ടെക്നിക്കൽ അസിസ്റ്റന്റ് | 2013 | 20000/- | |

ഫ്രണ്ട് ഒാഫീസിൽ രശീതി നൽകുന്ന എല്ലാവർക്കും പരിശീലനം ലഭിച്ചിട്ടില്ല.രശീതി അടിക്കുമ്പോൾ യഥാർത്ഥ ശീർഷകത്തിൽ പോസ്റ്റിങ്ങ് നടത്താതെ ഹെഡ് തെറ്റി പോസ്റ്റിങ്ങ് നടത്താറുണ്ട്. ഹെഡ് മാറിയാൽ ജേണൽ വൗച്ചർ പ്രകാരം തിരുത്താറുണ്ട് .സെക്രട്ടറി തന്റെ ലോഗ്-ഇൻ കീഴുദ്യോഗസ്ഥർക്ക് കൈമാറിയിട്ടില്ല. ഓഡിറ്റിന് പ്രത്യേക ലോഗിൻ ഏർപ്പെടുത്തിയിട്ടില്ല. സാംഖ്യ നടപ്പാക്കിയ ശേഷം ധനാപഹരണം കണ്ടെത്തിയിട്ടില്ല.

പഞ്ചായത്തിൽ വിന്യസിച്ചിരിക്കുന്ന സോഫ്റ്റ് വെയറുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| സോഫ്റ്റ് വെ യറിന്റെ പേര് | പഞ്ചായത്തിൽ വിന്യസിച്ച തിയ്യതി. | ഏത് മേഖലയുമായി ബന്ധപ്പെട്ടത് | സോഫ്റ്റ് വെയർ ഉപയോഗ പ്രദമാക്കുന്നുണ്ടോ. |
|---|---|---|---|
| സാംഖ്യ | 18.01.13. | അക്കൗണ്ടിങ്ങ് | ഉണ്ട്. |
| സേവന | 2006 | പെൻഷൻ,ജനനമരണം | ,, |
| സഞ്ചയ | 2013 | വസ്തു നികുതി | ,, |
| സ്ഥാപന | 2010 | എസ്റ്റാബ്ളിഷ്മെന്റ് | ,, |
| സചിത്ര | 2010 | ആസ്തി | ,, |
| സുലേഖ | 2007 | പദ്ധതി നിർവ്വഹണം | ,, |
| സൂചിക | 2012 | ഫ്രണ്ട് ഓഫീസ് | ,, |

പുതിയ രീതിയിലുള്ള ഇടപാടുകൾ നടത്തുമ്പോഴും മാസാന്ത്യ ,വർഷാന്ത്യ കണക്കുകൾ തയ്യാറാക്കുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. വരവിനങ്ങളുടെ സംഗ്രഹം സാംഖ്യയിൽ നിന്ന് ലഭിക്കുന്നത് യഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നുണ്ട്. ഏതു സമയത്തും ഡിമാന്റ്, കളക്ഷൻ, ബാലൻസ് അറിയുന്നതിനുള്ള സൗകര്യം ലഭ്യമാണ്. നികുതി നികുതിയേതര വരവുകളിൽ കിട്ടാനുള്ള സംഖ്യ ബാലൻസ് ഷീറ്റിലുള്ളത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നുണ്ട്.

| വരവിനം/ നികുതി | വർഷം | അക്കൗണ്ട് പ്രകാരം രേഖപ്പെടുത്തിയ തുക | ഡിമാന്റ് രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ തുക | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| വവസ്തു നികുതി | 2012-13 | 2303942 | 2303942 | ഇല്ല | |
| | 2013-14 | 2897592 | 2897592 | ഇല്ല | |
| | 2014-15 | 4626366 | 4626366 | ഇല്ല | |
| തൊഴിൽ നികുതി | 2012-13 | 875130 | 875130 | ഇല്ല | |
| | 2013-14 | 979070 | 979070 | ഇല്ല | |
| | 2014-15 | 890830 | 890830 | ഇല്ല | |
| ഡി&ഒ ലൈസൻസ് ഫീസ് | 2012-13 | 55450 | 55450 | ഇല്ല | |
| | 2013-14 | 67900 | 67900 | ഇല്ല | |
| | 2014-15 | 104902 | 104902 | ഇല്ല | |

| | | | | | |
|---|---|---|---|---|---|
| കെട്ടിട വാടക | 2012-13 | 123768 | 123768 | ഇല്ല | |
| | 2013-14 | 126436 | 126436 | ഇല്ല | |
| | 2014-15 | 123434 | 123434 | ഇല്ല | |

ഓരോ വർഷവും നിർമ്മിക്കുന്ന പുതിയ ആസ്തിയുടെ വിവരങ്ങൾ സാംഖ്യയിൽ നിന്ന് ലഭ്യമാണ്.വൗച്ചറുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നുണ്ട്.ഡെപ്പോസിറ്റ് രജിസ്റ്റർ സാംഖ്യയുമായി പൊരുത്തപ്പെടുന്നുണ്ട്. രശീതി സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്തിൽ സാംഖ്യ വഴിയുള്ള നികുതി അടവ്, സർട്ടിഫിക്കറ്റ് ലഭിക്കൽ മുതലായവ എളുപ്പത്തിൽ ലഭിക്കുന്നുണ്ട്. പഞ്ചായത്തിലെ വരവ് ചെലവ് കണക്കുകൾ കൃത്യമായും കാര്യക്ഷമമായും രേഖപ്പെടുത്താൻ സാധിക്കുന്നു .ക്യാഷ് ബുക്ക്,വരവ് രജിസ്റ്റർ,ചെലവ് രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കേണ്ടി വരുന്നില്ല എന്നതാണ് സാംഖ്യ നടപ്പാക്കിയതു കൊണ്ടുള്ള ഏറ്റവും വലിയ നേട്ടം. സാംഖ്യ നടപ്പാക്കിയ ഉത്തരവിൽ നിർദ്ദേശിക്കുന്ന രീതിയിൽ ആവശ്യമായ രേഖകളുടെ പ്രിന്റെടുത്ത് സൂക്ഷിക്കുന്നുണ്ട്.

## 3-38 ഡി&ഒ ലൈസൻസ് അനുവദിക്കുന്നതിലെ കാര്യക്ഷമത അവലോകനം.

<u>ഓഡിറ്റ് ലക്ഷ്യം</u>

മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക്. ഡി.ആന്റ്.ഒ.ലൈസൻസ് അനുവദിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകൾ നിയമവും ചട്ടവും ഉത്തരവുകളും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കൽ.

<u>ഓഡിറ്റ് മാനദണ്ഡം</u>

1994ലെ കേരളപഞ്ചായത്ത് രാജ് നിയമം 232, 233, 234 വകുപ്പുകൾ ,1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, സർക്കാർ കാലാകാലങ്ങളിൽ പു റപ്പെടുവി ച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും.

<u>ഓഡിറ്റ് കണ്ടെത്തലുകൾ</u>

**1.ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം**

രണ്ടുവർഷങ്ങളിൽ അനുവദിച്ച ലൈസൻസിന്റെ വിവരം താഴെചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ഡി.ആന്റ്.ഒലൈസൻസികളുടെവിവരം

| വർഷം | ചെറുകിട വ്യാപാര സ്ഥാപന ങ്ങളുടെ എണ്ണം | വൻകിട വ്യവസായ ശാലകൾ | ചെറുകിട വ്യവസായ സ്ഥാപന ങ്ങളുടെ എണ്ണം | ഹോട്ടലുകൾ, ഭക്ഷ്യസംസ്ക രണശാലകൾ, കശാപ്പു ശാലകൾ, ഇറച്ചികടകൾ | ആശു പത്രികൾ, ലാബുകൾ | ക്വാറികൾ പടക്ക നിർമ്മാ ണം | മറ്റ് സ്ഥാപ നങ്ങൾ | ആകെ, സ്ഥാപ നങ്ങൾ |
|---|---|---|---|---|---|---|---|---|
| 13-14 | 201 | Nil | 40 | 65 | 10 | Nil | 70 | 386 |
| 14-15 | 231 | Nil | 40 | 66 | 10 | Nil | 77 | 424 |

രണ്ടു വർഷത്തെ അപേക്ഷകളുടെ പരിശോധനയിന്മേൽ ഉള്ള വിശദാംശങ്ങൾ താഴെചേർക്കുന്നു.

| വർഷം | കൃത്യമായ അപേക്ഷകൾ | അപൂർണ്ണ മായവ | അന്വേഷണ റിപ്പോർട്ട് ഇല്ലാത്തവ | ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധന | മറ്റ് അപാ കതകൾ ഉള്ളവ | ആകെ അപേ ക്ഷകളുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ഇല്ലാത്തവ | | | |
| 2013-14 | 75 | 311 | 211 | 22 | 258 | 386 | |
| 2014-15 | 216 | 208 | 57 | 16 | 196 | 424 | |

**3.രജിസ്റ്ററുകളുടെ പരിപാലനം**

ഡി.ആന്റ്.ഒ.ലൈസൻസ് രജിസ്റ്ററിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. ചില അപേക്ഷകളുടെ നേരെ വ്യാപാരത്തിന്റെ തരം രേഖപ്പെടുത്തിയിട്ടില്ല.

**4.ഡി.ആന്റ്.ഒ.ലൈസൻസ് ഫീസ് ഈടാക്കിയതിന്റെവിവരം**

| വർഷം | ഈടാക്കിയലൈസൻസ് ഫീസ് |
|---|---|
| 2013-14 | 36600 |
| 2014-15 | 136202 |

**5.ഫീസ് ചുമത്തിയതിലുള്ളക്രമക്കേടുകൾ**

ഡി.ആന്റ്.ഒ.ലൈസൻസ് ഫീസ് ഈടാക്കിയത് വിറ്റു വരവ് കൃത്യമായി രേഖപ്പെടുത്താത്ത അപേക്ഷകളിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

**6.അപേക്ഷകളും അനുബന്ധരേഖകളും**

അപേക്ഷകളോടൊപ്പം പൊതുവായി സമർപ്പിക്കേണ്ട രേഖകളും ചില സ്ഥാപനങ്ങൽക്ക് പ്രത്യേകമായി സമർപ്പിക്കേണ്ട രേഖകളും ഉണ്ട്. അത്തരം രേഖകൾഇല്ലാതെ ലൈസൻസ് സമർപ്പിച്ചിട്ടുണ്ടോ എന്ന്പരിശോധിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

**എ).സ്ഥാപനം -കച്ചവടസ്ഥാപനം**

പരിശോധിച്ച അപേക്ഷകളുടെ എണ്ണം-10

അവശ്യം വേണ്ടരേഖകൾ -പ്ലാസ്റ്റിക്ക് നിരോധനം, പുകവലി,സ്ഥലനാമം, വാടകകരാർ, ഒക്യുപൻസി. മുതലായവ

ഹാജരാക്കിയ രേഖകൾ- വാടകകരാർ, ഒക്യുപൻസി എന്നിവമാത്രമേ ഹാജരാക്കിയിട്ടുള്ളൂ.

**ബി)ആശുപത്രികൾ,ലാബുകൾ**

പരിശോധിച്ച അപേക്ഷകളുടെ എണ്ണം-10

അവശ്യം വേണ്ട രേഖകൾ -ആരോഗ്യ വകുപ്പിന്റെ അനുമതി, മലിനീകരണ നിയന്തരണ ബോർഡിന്റെ നിരാക്ഷേപപത്രം ,പാരാമെഡിക്കൽ ലൈസൻസ്

ഹാജരാക്കിയരേഖകൾ- ആരോഗ്യ വകുപ്പിന്റെ അനുമതി,

പാരാ മെഡിക്കൽ ലൈസൻസ് ചിലസ്ഥാപനങ്ങൾ ഹാജരാക്കി.ആശുപത്രികൾ
മലിനീകരണ നിയന്തരണ ബോർഡിന്റെ നിരാക്ഷേപ പത്രം ഹാജരാക്കിയിട്ടില്ല.

**സി)ഭക്ഷ്യശാലകൾ**

പരിശോധിച്ച അപേക്ഷകളുടെ എണ്ണം-10

അവശ്യം വേണ്ട രേഖകൾ

ആരോഗ്യവ കുപ്പിന്റെഅനുമതി

ഹാജരാക്കിയ രേഖകൾ-ആരോഗ്യ വകുപ്പിന്റെ അനുമതി എല്ലാ സ്ഥാപനങ്ങളും ഹാജരാക്കിയിട്ടില്ല.

**ഡി)മെഡിക്കൽഷോപ്പുകൾ**

പരിശോധിച്ച അപേക്ഷകളുടെ എണ്ണം-10

അവശ്യം വേണ്ട രേഖകൾ

ഡ്രഗ് ലൈസൻസ്

ഹാജരാക്കിയ രേഖകൾ-ഡ്രഗ് ലൈസൻസ് എല്ലാസ്ഥാപനങ്ങളുംഹാജരാക്കിയിട്ടില്ല.

**അവലോകനം**

അവശ്യം വേണ്ട രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി കൊടുത്തിട്ടുണ്ട് . ഇത് ശരിയായ നടപടി അല്ല.

7.**ലൈസൻസികളിൽ നിന്നുള്ള തൊഴിൽ നികുതി**

എല്ലാസ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽവിറ്റു വരവ് രേഖപ്പെടുത്താത്തവയുടെ ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

8.**അനധികൃതമായിപ്രവർത്തിക്കുന്നസ്ഥാപനങ്ങൽക്കെതിരെ സ്വീകരിച്ചനടപടികൾ**

അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പിഴഈടാക്കിയിട്ടുണ്ട്.

9.**പഞ്ചായത്ത് ലൈസൻസ് നൽകിയസ്ഥാപനം മൂലം മനുഷ്യന്റെജീവനോ, ആരോഗ്യത്തിനോ, വസ്തുവകകൾക്കോ അപകടംഉണ്ടായസന്ദർഭങ്ങൾ**

ഇല്ല

10.**സ്ഥാപനങ്ങൾക്കെതിരെ നടക്കുന്നപ്രക്ഷോഭങ്ങൾ,പരാതിസ്വീകരിച്ചനടപടികൾ**

ഇല്ല

11.**വിവിധപരിശോധനകൾ**

ഗ്രാമപഞ്ചായത്ത് അധികാരികളും ആരോഗ്യ വകുപ്പധികൃതരും വിവിധ പരിശോധനകൾ നടത്തുന്നുണ്ട്.

12.**സർക്കാരിന്റെ അധികാരം വിനിയോഗിച്ചസന്ദർഭങ്ങൾ**

ഇല്ല

13.**ഗ്രാമപഞ്ചായത്ത് അധികാരം വിനിയോഗിക്കുന്നതിലെ കാര്യക്ഷമത**

പലസ്ഥാപനങ്ങളും വളരെ വർഷങ്ങളായി ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച് ആവശ്യം വരുന്ന സന്ദർഭങ്ങളിൽ വന്ന് ലൈസൻസ് പുതുക്കുന്നതായി കണ്ടു.ഇത് ശരിയായ നടപടി അല്ല. ഇത്തരക്കാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2013-14 | 30000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 0 | -30000 |
| ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 90000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 89940 | 60 |
| ,, | 2013-14 | 150000 | വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് | 0 | 150000 |

## 4-2 വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

4-2 **ഡെപ്പോസിറ്റ്**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി

നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | ഹൗസ് കണക്ഷൻ | | 278746 | 278746 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം വായ്പ | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ. | 943/12/29.3.12 | 9766359 | 4817676 | 2520000 | 7337676 | 1202191 | -- | 6135485 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച /വരവില്ല 300/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 2-5(ബി) | 150 | ശ്രീരധ, ടീച്ചർ | 6172/24.2.14 |
| ,, | ,, | ,, | K.V..ഷീന ഹിന്ദിടീച്ചർ | ,, |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2011-12 | 3.1 | കാർഷികപദ്ധതികളുംകൃഷിഭവനും | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 69799631 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 76940676 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 63368 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3999361 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 1500 | | പി.വി.പത്മനാഭൻ |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |
| 3-16(എ)) | | 35323 | പ്രജിത പ്രകാശ്.പി. വി.ഇ.ഒ.കൂരിക്കുഴി. |
| 3-16ബി) | | 21230 | എൻ.ശശിധരൻ വി.ഇ.ഒ.കയ്പമംഗലം. |
| 3-22 | | 2973 | ഇ.എ).ഇക്പാൽ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-32 | | 3842 | ,, |
| ആകെ | | 63368 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 10000/- | ഹബീബ്.വി.എച്ച്.സെക്രട്ടറി. |
| 3-5 | 625000/- | ബിന്ദു.ഇ.ടി.,വെറ്ററിനറി സർജൻ. |
| 3-6 | 78300 | ,, |
| 3-7 | 98000/- | കെ.എസ്.പ്രവീൺ,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. |
| 3-8എ | 115000/- | സീത,ഐ.സി.ഡി.എസ്. സൂപ്പർവൈസർ. |
| 3-8ബി | 5800/- | ,, |

| | | |
|---|---|---|
| 3-11 | 972000/- | ഹബീബ്.വി.എച്ച്.സെക്രട്ടറി. |
| 3-12 | 40500 | മേരി ഹെലൻ,<br>ഹെഡ്<br>മിസ്ട്രസ്.ജി.എം.എൽ.പി.സ്കൂൾ,കയ്പമംഗലം. |
| 3-13 | 717871/- | ,, |
| 3-14 | 50000/- | ,, |
| 3-18 | 6000 | ഹബീബ്.വി.എച്ച്.സെക്രട്ടറി. |
| 3-19 | 220890 | പി.വി.പത്മനാഭൻ,സെക്രട്ടറി. |
| 3-20 | 40000/- | എം.എസ്.സുനന്ദ,വി.ഇ.ഒ, കൂരികുഴി |
| 3-20 | 600000/- | ഹബീബ്.വി.എച്ച്.സെക്രട്ടറി. |
| 3-20 | 120000/- | എൻ.ശശിധരൻ,വി.ഇ.ഒ.കയ്പമംഗലം |
| 3-21 | 200000/- | പി.വി.പത്മനാഭൻ,സെക്രട്ടറി |
| 3-24(3) | 100000/- | |
| **ആകെ** | **3999361** | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| പി.വി.പത്മനാഭൻ, സെക്രട്ടറി | പറപ്പൂക്കര പഞ്ചായത്ത് | പള്ളത്തേരി,മറ്റത്തൂർകുന്ന് തൃശ്ശൂർ ജില്ല |
| പി.എ.ഇക്ബാൽ, അസി.എൻജീനീയർ | കയ്പമംഗലം ഗ്രാമ പഞ്ചായത്ത് | പുതിയവീട്ടിൽ, കിഴുപ്പിള്ളിക്കര തൃശ്ശൂർ ജില്ല |
| എൻ.ശശിധരൻ വി.ഇ.ഒ | വിരമിച്ചു | പുളിയത്ത് പൊറത്തിശ്ശേരി തൃശ്ശൂർ ജില്ല |
| പ്രജിത പ്രകാശ്.പി. | കയ്പമംഗലം ഗ്രാമ പഞ്ചയത്ത് | പൊന്നാംപുള്ളി, എടതിരിഞ്ഞി തൃശ്ശൂർ ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1976-77 | എൽ.എഫ്.ടി.21-922/1996/1.7.1996 | | |
| 1977-78 | എൽ.എഫ്.ടി11868/1980/23.6.1980 | | |
| 1980-81 | എൽ.എഫ്.ടി113013/1983/13.01.84 | | |
| 1983-84 | എൽ.എഫ്.ടി11529/1988/14.09.88 | | |
| 1984-85 | എൽ.എഫ്.ടി11140/1989/30.09.88 | | |
| 1985-86,86-87 | എൽ.എഫ്.ടി11508/1991/29.07.91 | | |
| 1988-89,89-90 | എൽ.എഫ്.ടി11197/1993/17.11.94 | | |
| 1990-91 | എൽ.എഫ്.ടി111672/1994/30.05.95 | | |
| 1991-92,93-94 | എൽ.എഫ്.ടി11825/1995/31.05.96 | | |
| 1994-95 | എൽ.എഫ്.ടി192/2001/5.3.01/3.4.2001 | | |
| 1996-97 | എൽ.എഫ്.ടി19759/1998/3.10.1998 | | |
| 1997-98ചെലവ് | എൽ.എഫ്.ടി191011/1999/23.09.99/11.11.99 | | |
| 1999-2000,00-01,01-02 | എൽ.എഫ്.ടി121092/2003/7.1.2004/21.5.2004 | | |
| 1995-96ജനകീയാസൂത്രണം | എൽ.എഫ്.ടി121432/2007/7.1.2008/6.2.2002 | | |
| 1997-98വരവ് | എൽ.എഫ്.ടി121433/2007/7.1.08/6.3.2008 | | |
| 1998-99വരവ് | എൽ.എഫ്.ടി12-1434/2007/7.1.08/6.3.2008 | | |
| 1999-2000 | എൽ.എഫ്.ടി12-1435/2007/7.1.2008/17.3.2008 | | |
| 2000-01 | എൽ.എഫ്.ടി12-1472/2007/7.11.2008/17.3.2008 | | |
| 2001-02 | എൽ.എഫ്.ടി12-648/2008/20.7.2009 | | |
| 2002-2003 | എൽ.എഫ്.ടി12-649/2008/20.7.2009 | | |
| 2003-04 | എൽ.എഫ്.ടി12-190/2009/26.5.2010 | | |
| 2004-05 | എൽ.എഫ്.ടി12-282/2009/20.8.2010/10.11.2010 | | |
| 2005-06 | എൽ.എഫ്.ടി12-1598/2009/20.1.2011 | | |
| 2006-07 | എൽ.എഫ്.ടി12-1599/2009/20.1.2011/14.2.2011 | | |
| 2007-08 | | | |
| 2008-09 | എൽ.എഫ്.ടിപി3-1312/20.10.2011/2.6.2012 | | |

| | | | |
|---|---|---|---|
| 2009-2010,2010-11 | എൽ.എഫ്.ടി.ടിപി329/2013/25.3.2013/5.7.2013 | | |
| 2011-12 | എൽ.എഫ്.ടി.ടിപി31404/2013/15.1.2014/7.3.2014 | | |
| 2012-13 | എൽ.എഫ്.ടി.ടിപി31246/2014/10.11.2014/12.1.2015 | | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ